# കോളനിയനന്തരഭാഷാശാസ്ത്രം: ഭാഷാനയവും സാമൂഹ്യജനാധിപത്യവും

പി.പവിത്രൻ
പ്രൊഫസർ, മലയാളവിഭാഗം, ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല, തിരൂർ പ്രാദേശികകേന്ദ്രം.

## പ്രബന്ധസംഗ്രഹം

ഭാഷാസൂത്രണം എന്നത് നമ്മുടെ സാഹചര്യത്തിൽ കേവലം അക്കാദമിക തലത്തിൽ നടക്കുന്ന പ്രക്രിയയല്ല എന്നും അത് കോളനീകരണകാലത്തെ നയത്തിന്റെ തുടർച്ചയായി ഭരണതലങ്ങളിലൂൾപ്പെടെ മാതൃഭാഷയോടുള്ള വിവേചനത്തെ സംബോധന ചെയ്യുന്ന രാഷ്ട്രീയപ്രശ്നം തന്നെയാണെന്നും ചൂണ്ടിക്കാട്ടുന്നതാണ് ഈ പ്രബന്ധം. ഭാഷാസൂത്രണം എന്നതിനെക്കാൾ ഭാഷാനയം എന്ന സങ്കല്പമാണ് ഇവിടെ കൂടുതൽ പ്രസക്തം. ഭാഷാശാസ്ത്ര പഠനങ്ങൾ കേരളത്തിൽ പത്തൊമ്പതാം നൂറ്റാണ്ടു മുതൽ ഈ രാഷ്ട്രീയത്തെ ഉൾക്കൊണ്ടിരുന്നു എന്നും ഇടക്കാലത്തു മാത്രമാണ് ഈ മേഖലയിൽനിന്ന് ഈ സമീപനം കൈമോശം വന്നതെന്നും വ്യക്തമാക്കുന്നു. അക്കാദമിക മേഖലയും സന്നദ്ധപ്രവർത്തനവും യോജിക്കുന്ന സമീപനമാണ് നമുക്ക് വേണ്ടത്.

**താക്കോൽവാക്കുകൾ:** കറുത്ത ഭാഷാശാസ്ത്രം (Black Linguistics), കോളനിയനന്തരഭാഷാശാസ്ത്രം (Post-colonial linguistics), നിഷേധാത്മക ഭാഷാനയം (Negative Language Policy), നിഷേധാത്മക ഭാഷാസൂത്രണം (Negative Language Planning), ധനാത്മക ഭാഷാനയം (Positive Language Policy), ധനാത്മക ഭാഷാസൂത്രണം (Positive

Language Planning), പ്രതിരോധ ഭാഷാശാസ്ത്രം (Preventive Linguistics), ഭാഷാപ്രസ്ഥാനങ്ങൾ (Language Movements), ഭാഷാ സന്നദ്ധപ്രവർത്തനം (Language Activism), ഭാഷാസാമ്രാജ്യത്വം (Linguistic Imperialism), ഭാഷാസൂത്രണം (Language Planning), സാമൂഹ്യജനാധിപത്യം (Social Democracy), സൂക്ഷ്മതല ഭാഷാസൂത്രണം (Micro Language Planning), സ്ഥൂലതല ഭാഷാസൂത്രണം (Macro Language Planning)

'ചോദ്യം ചോദിക്കുന്ന വിമതരും സംഘടിതപ്രവർത്തകരും പ്രത്യയശാസ്ത്രപരമായി ശല്യം ചെയ്യുന്നവരും ഇല്ലെങ്കിൽ എല്ലാ ഉദാത്തമായ ആശയങ്ങളും ബോർഡിലെ ചോക്കുപൊടിയായി അവശേഷിക്കും'–ടോഡ് ഗിറ്റ്ലിൻ[1]

ഭാഷാസൂത്രണം എന്ന വാക്ക് ഭാഷാശാസ്ത്രത്തിൽ പരിചിതമാകുന്നത് 1950-കളുടെ ഒടുവിലാണെങ്കിലും എല്ലാ ഭാഷാസമൂഹങ്ങളിലും ആ പ്രക്രിയ നേരത്തെ ആരംഭിച്ചിട്ടുണ്ട്. ഭാഷയെ മാനകീകരിക്കുക, വ്യാകരണഗ്രന്ഥങ്ങളും നിഘണ്ടുക്കളും വിജ്ഞാനകോശങ്ങളും മറ്റും നിർമിക്കുക തുടങ്ങിയ കാര്യങ്ങളെയാണ് ഭാഷാസൂത്രണം എന്ന സങ്കല്പംകൊണ്ട് അന്ന് ഉദ്ദേശിച്ചത്. ഭൂരിപക്ഷം ജനങ്ങളുടെയും വ്യവഹാരഭാഷതന്നെ ഭരണകൂടഭാഷയും വിദ്യാഭ്യാസമാധ്യമവുമായ ആധുനിക യൂറോപ്യൻ സാഹചര്യത്തിൽ ഇത്തരം ഒരു നിർവചനം താത്കാലികമായി പര്യാപ്തമാണെന്നു പറയാം.

ജോവാൻ റൂബിനും ബിയോൺ എച്ച് ജെർനുഡും ചേർന്ന് 1971-ൽ 'ഭാഷയെ ആസൂത്രണം ചെയ്യാൻ കഴിയുമോ' എന്ന ചോദ്യം ചോദിക്കുന്നതിനുമുമ്പെ എൻ.വി. കൃഷ്ണവാരിയർ ഈ പ്രശ്നം കേരളത്തിൽ ഉന്നയിച്ചുവെന്നു മാത്രമല്ല, അതിനുള്ള ജോലി തുടങ്ങുകയും ചെയ്തിരുന്നു. യഥാർഥത്തിൽ നൂറ്റാണ്ടുകൾ മുമ്പുതന്നെ പലയിടത്തും ഈ നിലയിലുള്ള പ്രവർത്തനം ആരംഭിച്ചിരുന്നു. രാഷ്ട്രമീമാംസ എന്ന ശാഖ രൂപപ്പെടുന്നതിനുമുമ്പെ രാഷ്ട്രീയപ്രക്രിയയുള്ളതുപോലെത്തന്നെ ഭാഷാസൂത്രണം എന്ന വിഷയം അക്കാദമിക മേഖലയിൽ ജനിക്കുന്നതിനും എത്രയോ മുമ്പുതന്നെ ഭാഷാസൂത്രണം സമൂഹനിർമാണത്തിന്റെ ഭാഗമായി നിലനിന്നിരുന്നു.

ഭാഷയെ ഭാഷാശാസ്ത്രം എന്ന അക്കാദമിക വിഷയത്തിന് പുറത്തേക്കെടുത്ത് സാമൂഹ്യജീവിതത്തിന്റെയും രാഷ്ട്രീയജീവിതത്തിന്റെയും ഭാഗമായി കാണാൻ ശ്രമിച്ചാൽ ഭാഷാസൂത്രണം യൂറോപ്പിൽത്തന്നെ വളരെ പഴക്കം ചെന്ന കാര്യമാണെന്നു കാണാം. മഹാനായ ആൽഫ്രഡ് എന്നറിയപ്പെടുന്ന എ.ഡി 9-ാം നൂറ്റാണ്ടിൽ ഇംഗ്ലണ്ട് ഭരിച്ചിരുന്ന രാജാവ് ലത്തീനു പകരം അന്നത്തെ ഇംഗ്ലീഷിനെ (പ്രാചീന ഇംഗ്ലീഷ്) വളർത്തിക്കൊണ്ടുവരാൻ

ബോധപൂർവം ശ്രമിച്ചതായി കാണാം. പ്രധാന ലത്തീൻ കൃതികൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യാനും പ്രാഥമികവിദ്യാഭ്യാസം ലത്തീനു പകരം ഇംഗ്ലീഷിൽത്തന്നെ നടത്താനും അദ്ദേഹം ശ്രമിച്ചു. എ.ഡി 1066-ൽ ഫ്രഞ്ചു സംസാരിക്കുന്ന നോർമൻകാർ ഇംഗ്ലണ്ടിനെ കീഴടക്കിയപ്പോൾ അവിടത്തെ ഭരണ, വിദ്യാഭ്യാസമേഖലകളിൽ ഉപയോഗിക്കപ്പെടുന്ന ഭാഷ ഫ്രഞ്ചായി. നൂറ്റാണ്ടുകളിലൂടെയുള്ള ബോധപൂർവമായ പ്രവർത്തനത്തിന്റെ ഭാഗമായാണ് ഫ്രഞ്ചിനും ലത്തീനും പകരം ഇംഗ്ലീഷ് ഭരണ-വിദ്യാഭ്യാസമേഖലകളിലും കോടതികാര്യത്തിലുമൊക്കെ ഉപയോഗിക്കാമെന്നു വന്നത്. 1731-ൽ ഇനി ഇംഗ്ലണ്ടിലെ കോടതികളിൽ ആരെങ്കിലും ഫ്രഞ്ചോ ലത്തീനോ ഉപയോഗിച്ചാൽ അമ്പതു പവൻ പിഴ എന്ന നിയമം തന്നെ രാജാവിന് പുറപ്പെടുവിക്കേണ്ടിവന്നു. ഇതിനിടയിലാണ് ഇംഗ്ലണ്ടിൽ വ്യാകരണഗ്രന്ഥങ്ങളും നിഘണ്ടുക്കളും രൂപപ്പെടുന്നതും.

1960-കളിൽ സാമൂഹ്യഭാഷാശാസ്ത്രം എന്ന മേഖല പിറക്കുംമുമ്പേ ഘടനാവാദരീതിയിൽ പരിശീലനം കിട്ടിയ ഭാഷാശാസ്ത്രജ്ഞർ ഊന്നിയത് ഭാഷയിൽ സംഭവിച്ച ആസൂത്രണേതരമാറ്റങ്ങളിലായിരുന്നു എന്നും ഭാഷയിലും വിനിമയത്തിലും ഇടപെടുന്നതിനെ അവർ 'നിങ്ങളുടെ ഭാഷയെ വെറുതെ വിടൂ' എന്ന മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ തള്ളിക്കളഞ്ഞിരുന്നു എന്നും ജിറി നെക്വാപിൽ നിരീക്ഷിക്കുന്നുണ്ട് (871). 1959-ൽ എയ്നാർ ഹോജൻ നോർവെയിൽ ഭാഷാസൂത്രണം എന്ന സങ്കല്പം ഉപയോഗിക്കുമ്പോൾ ഏകഭാഷാസമൂഹത്തെയാണ് മുന്നിൽ കണ്ടത്. ഇങ്ങനെയാണ് അദ്ദേഹം അതിനെ നിർവചിച്ചത്: 'ഒരേ ഭാഷണസമൂഹത്തിലെ എഴുത്തുകാർക്കും ഭാഷകർക്കും വേണ്ടി മാനകമായ ഉച്ചാരണം, വ്യാകരണം, നിഘണ്ടു എന്നിവ തയ്യാറാക്കുന്ന കർമപദ്ധതി[2] '(Jernudd: 16). അദ്ദേഹം 1966-ൽ ഉയർത്തിപ്പിടിച്ചത് ഭാഷാസൂത്രണത്തെ വാമൊഴിഭേദങ്ങളിൽനിന്ന് മാനകഭാഷയിലേക്കുള്ള മാറ്റത്തിന്റെ വിവിധ ഘട്ടങ്ങളായി കാണുന്ന സമീപനമാണ്. ഇത് വരമൊഴിക്ക് വാമൊഴിയുടെ മേലുള്ള ആധികാരികതയുമായി ബന്ധപ്പെട്ട ചർച്ചാമേഖലകളിലേക്കു കൂടി നയിക്കുന്നതായിരുന്നു. ഈ നിലയിൽ ഭാഷാസൂത്രണം എന്ന വിഷയം അക്കാദമികമായി അവതരിപ്പിച്ച ഭാഷാശാസ്ത്രജ്ഞർ കരുതിയതുപോലെ വ്യാകരണനിർമാണവും നിഘണ്ടു നിർമാണവും മാനകീകരണവും മാത്രമാണോ ഭാഷാസൂത്രണം? നിലവിലുള്ള ഭാഷാസൂത്രണം എന്ന സങ്കല്പം മതിയാകുമോ നമ്മുടെ ഭാഷാമേഖലകളിലെ പ്രശ്നങ്ങൾ സംബോധന ചെയ്യാൻ?

## ഭാഷാസൂത്രണത്തിൽനിന്ന് ഭാഷാനയത്തിലേയ്ക്ക്

ഭാഷയുടെ മാനകീകരണം, ലിപി, അന്യഭാഷാപദങ്ങൾ സ്വീകരിക്കുന്നതിലെടുക്കേണ്ട നിലപാടുകൾ തുടങ്ങിയവ ഭാഷാശാസ്ത്രജ്ഞർക്ക് അഭിപ്രായം പറയാവുന്ന മേഖലകളാണെന്നതിൽ സംശയമില്ല. എന്നാൽ, ഭാഷയും ഒരു സമൂഹത്തിന്റെ ജീവിതവുമായി പുലർത്തുന്ന ബന്ധങ്ങൾ ഇങ്ങനെ പരിമിതപ്പെടുത്താനാകില്ല.

ഭാഷാസൂത്രണത്തെ ചിലർ സ്ഥൂലം, സൂക്ഷ്മം (മാക്രോ, മൈക്രോ) എന്നും വിഭജിക്കുന്നുണ്ട്. ഭാഷയെ മാത്രം മുൻനിർത്തിയുള്ള ആസൂത്രണമാണ് സൂക്ഷ്മം. ഇതര വിജ്ഞാനശാഖകളുമായി ഭാഷാസൂത്രണം പുലർത്തുന്ന ബന്ധത്തെക്കുടി കണക്കിലെടുക്കുമ്പോഴാണ് അതിനെ സ്ഥൂലം എന്നു വിളിക്കുന്നത്. ഭാഷയുടെ ഇതര മേഖലകളുമായുള്ള ബന്ധത്തെ സൂചിപ്പിക്കുന്നതിനാൽ ഇവിടെ മാക്രോ എന്നു പറഞ്ഞത് ബഹുതലമുള്ളതും മൈക്രോ എന്നു പറഞ്ഞത് രേഖീയവുമാണ്. സ്ഥൂലം എന്നു വിളിച്ചതാണ് യഥാർഥത്തിൽ സൂക്ഷ്മതല ബന്ധങ്ങളെ സംബോധന ചെയ്യുന്നത് എന്നു കാണാം. ഭാഷയെ സമൂഹത്തെ മുൻനിർത്തി പഠിക്കുന്നതിന് മൈക്രോ എന്നും സമൂഹത്തെ ഭാഷയെ മുൻനിർത്തി പഠിക്കുന്നതിന് മാക്രോ എന്നും വിശേഷിപ്പിക്കാം എന്നും കരുതുന്നുണ്ട് (Kennedy: 264).

## ഭാഷാനയം-ഭാഷാസൂത്രണത്തിനുമപ്പുറം

കുറച്ചുകൂടി വ്യക്തമാണ് ഹെയിൻസ് ക്ലോസ് നടത്തിയ മറ്റൊരു വിഭജനം.

1. പദവി ആസൂത്രണം (Status planning),

2 ഭാഷാശരീരത്തിലൂന്നിയ ആസൂത്രണം (Corpus planning),

3 ഭാഷാശേഷിവികസനപരമായ ആസൂത്രണം (Acqusition planning) എന്നിങ്ങനെയുള്ള ഭേദങ്ങളാണ് ക്ലോസ് 1969-ൽ നിർദ്ദേശിച്ചത്. ഉച്ചാരണം മുതൽ വാക്യതലം വരെയുള്ള, തികച്ചും വ്യാകരണപരവും ഭാഷാശാസ്ത്രപരമെന്നു പറയാവുന്ന, കാര്യങ്ങളാണ് ഭാഷാശരീരത്തിലുള്ള ആസൂത്രണം എന്നതുകൊണ്ടുദ്ദേശിച്ചത്. ഇക്കാര്യത്തിൽ മാത്രമാണ് പരമ്പരാഗതമായ നമ്മുടെ ഭാഷാശാസ്ത്രപഠനം ശ്രദ്ധ ചെലുത്തുന്നത്. എന്നാൽ ഇതിൽനിന്നു വ്യത്യസ്തമായി പദവി ആസൂത്രണവും ഭാഷാശേഷിവികസനപരമായ ആസൂത്രണവും വ്യക്തമായും കോളനിയനന്തരവാദപരമായ സമീപനം ആവശ്യപ്പെടുന്നുണ്ട്. ഭാഷാസൂത്രണം എന്ന പരിമിതമായ സങ്കല്പനത്തെ മറികടന്ന് ഭാഷാനയം (Language Policy) എന്ന രാഷ്ട്രീയസങ്കല്പത്തിലേക്ക് നയിക്കുന്നതാണ് ഈ മേഖല. പ്രയുക്തഭാഷാശാസ്ത്രത്തിന്റെ അക്കാദമികപരിമിതികളുടെ

മുദ്രകൾ പേറുന്നതാണ് ഭാഷാസൂത്രണം എന്ന സങ്കല്പമെങ്കിൽ ഭാഷാനയം എന്നത് കൂടുതൽ വിശാലമായ ഒരു രാഷ്ട്രീയ പ്രക്രിയയെ കുറിക്കുന്നതാണ്. ഒരു സമൂഹത്തിന് അതിന്റെ ഭാഷാജീവിതത്തിന്റെ എല്ലാമേഖലകളിലും ഇടപെടാൻ കഴിയുക എന്നതുമായാണ് ഭാഷാനയം ബന്ധപ്പെട്ടിരിക്കുന്നത്. കൊളോണിയൽ സാഹചര്യങ്ങളിൽ സ്വന്തം രാഷ്ട്രീയ-സാമ്പത്തികജീവിതത്തെ നിയന്ത്രിച്ചിരുന്നത് അധിനിവേശകരാണല്ലോ. ഭാഷയുടെ പദവിയെയും അവർ തന്നെയാണ് നിയന്ത്രിച്ചത്. അതിനാൽ അധിനിവേശവിരുദ്ധ സമരത്തിലൂടെ ഒരു സമൂഹം പരമാധികാരം നേടിയെടുക്കുന്ന പ്രക്രിയയുടെ ഭാഗം തന്നെയാണ് സ്വന്തം ഭാഷയ്ക്ക് നയം രൂപീകരിക്കലും. അവരുടെ ജനാധിപത്യ സങ്കല്പത്തിന്റെ മുഖ്യഘടകമാണത്.

ഈ വിശാലതയിലേക്ക് കടക്കണമെങ്കിൽ അക്കാദമികമായ ചുമരുകൾക്കപ്പുറത്ത് ജനജീവിതത്തിന്റെ വിവിധ മേഖലകളിൽ ഭാഷ പുലർത്തുന്ന അധികാരബന്ധം വിശകലനം ചെയ്യേണ്ടി വരും. ഭാഷയും ഇതരമേഖലകളും തമ്മിലുള്ള അന്തർവൈജ്ഞാനികബന്ധം വ്യക്തമാകുമ്പോഴാണ് നിലവിലുള്ള ഭാഷാസൂത്രണം എന്ന സങ്കല്പത്തിന്റെ പരിമിതി തിരിച്ചറിയുക. പദവി ആസൂത്രണം, ശേഷീവികസനപരമായ ആസൂത്രണം എന്നീ സങ്കല്പനങ്ങൾ അക്കാദമികവ്യവഹാരത്തിന്റെയും അക്കാദമികവിനിമയത്തിന്റെയും ഭാഗമെന്ന നിലയിൽ നമുക്ക് സ്വീകരിക്കാം. ഇവ രണ്ടുമുൾപ്പെടുന്ന ഭാഷാനയം എന്ന പരികല്പന ഭാഷയും രാഷ്ട്രീയനയവും തമ്മിലുള്ള ബന്ധത്തെ നേരിട്ട് എടുത്തുകാണിക്കുകയും ചെയ്യും. അതിനാൽ ശരീരാസൂത്രണം, പദവി ആസൂത്രണം എന്ന രണ്ടു ഗണങ്ങൾകൊണ്ട് കേവലമായ ഭാഷാസൂത്രണവും ഭാഷാനയവും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസം വ്യക്തമാക്കാൻ കഴിയും. കൊളോണിയലിസത്തിന്റെ അവശിഷ്ടങ്ങൾ പേറുന്ന നമ്മുടെ സമൂഹത്തിൽ അക്കാദമികമേഖലയെ ഈ കാഴ്ചപ്പാടോടെ എങ്ങിനെ പുനർനിർവചിക്കാം എന്നാണ് നാം ഇനി അന്വേഷിക്കേണ്ടത്. കോളനിയനന്തരസമൂഹത്തിലെ ഭാഷാശാസ്ത്രപഠനത്തിന് ഉണ്ടാകേണ്ട ഊന്നലിന്റെ വ്യത്യാസം എന്തായിരിക്കണം എന്നും അക്കാദമികമായി വിശദീകരിക്കേണ്ടതുണ്ട്.

## കോളനിയനന്തരഭാഷാശാസ്ത്രം അന്തർവൈജ്ഞാനികമാണ്

കോളനിയനന്തര സമീപനം കോളനിയനന്തര ഭാഷാനയത്തിലേക്ക് നയിക്കുന്നു. കോളനിവൽക്കരണത്തിന്റെ ബാക്കിപത്രവും നവകോളനീകരണത്തിന്റെ വർത്തമാനവും ചേർന്നതാണ് നമ്മുടെ ഭാഷാനയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ. കോളനിയനന്തര ഭാഷാശാസ്ത്രം (Post- colonial Linguistics)

എന്ന പേരിൽത്തന്നെ ഇന്ന് പുതിയ പഠനശാഖയെ രൂപപ്പെടുത്താനുള്ള ശ്രമം നടക്കുന്നുണ്ട്. സാമ്പത്തികശാസ്ത്രം, രാഷ്ട്രീയം, ചരിത്രം തുടങ്ങി വിവിധ വിജ്ഞാനശാഖകളുമായി അന്തർവൈജ്ഞാനികബന്ധം സൂക്ഷിക്കുന്നതാണ് കോളനിയനന്തരഭാഷാശാസ്ത്രം. നേരത്തെ സൂചിപ്പിച്ചപോലെ അത് കേവലം ഭാഷയെ ഒരു ശരീരമായി കാണുന്ന രീതിയല്ല. അനേകം വ്യവഹാരങ്ങളുമായി ബന്ധപ്പെട്ടാണ് കോളനിയനന്തരഭാഷാശാസ്ത്രം ഭാഷയെ സ്ഥാനപ്പെടുത്തുന്നത്. ഇത്തരത്തിൽ ബഹുവിഷയങ്ങളിൽ ധാരണയോ നിലപാടോ ഇല്ലാതെ ഭാഷാസൂത്രണത്തെ സമീപിച്ചാൽ അത് ശുഷ്കമായ പാണ്ഡിത്യപ്രകടനം മാത്രമായിരിക്കും. അരാഷ്ട്രീയമായ ഈ സമീപനം ഭാഷാസൂത്രണം ഒരു രാഷ്ട്രീയപ്രക്രിയയാണെന്നു കാണുന്നതിൽ പരാജയപ്പെടുന്നു.

ലോകത്തിലെ 80 ശതമാനം പ്രദേശങ്ങളും ഏതെങ്കിലും ഘട്ടത്തിൽ കോളനീകരണത്തിലൂടെ കടന്നുപോയതാണ് എന്ന വസ്തുത തിരിച്ചറിഞ്ഞാൽ നമ്മുടെ ഭാഷാപ്രശ്നത്തെ അന്തർദ്ദേശീയ തലത്തിൽവെച്ച് നോക്കിക്കാണാനും കഴിയും. അത് കോളനീകരണത്തിലൂടെ കടന്നുപോയ സമൂഹങ്ങളുടെ പൊതു പ്രശ്നമാണ്. സാമ്പത്തികവും രാഷ്ട്രീയവുമായ തലവും അതിനുണ്ട്. കോളനീകരണത്തോടെ ഇന്ത്യയിലെ ഉല്പാദനമേഖലയിൽ സംഭവിച്ച മാറ്റത്തെ ബിപൻ ചന്ദ്ര വിവരിക്കുന്നത് ഇതുമായി ചേർത്തുനിർത്താം. ഇംഗ്ലണ്ടിൽ വ്യവസായ വിപ്ലവം വന്നതോടെ ഇന്ത്യയിലെ ഉല്പന്നങ്ങൾ ബ്രിട്ടനിലേക്ക് കയറ്റിയയക്കുക എന്ന അതുവരെ തുടർന്ന രീതി അട്ടിമറിക്കപ്പെട്ടു. ഇംഗ്ലണ്ടിലെ പുതിയ വ്യവസായിവർഗത്തിന്റെ താത്പര്യം മറ്റൊന്നായിരുന്നു. 'ഈ വർഗത്തിന്റെ ലാഭം കച്ചവടത്തിൽനിന്നല്ലാതെ ഉത്പാദനത്തിൽനിന്ന് ലഭിച്ചതുകൊണ്ട്, പ്രോത്സാഹിപ്പിക്കാൻ ആഗ്രഹിച്ചത് ഇന്ത്യയിൽനിന്ന് നിർമിതവസ്തുക്കളുടെ ഇറക്കുമതിയല്ല, മറിച്ച് തങ്ങളുടെ ഉത്പന്നങ്ങൾ ഇന്ത്യയിലേക്ക് കയറ്റുമതി ചെയ്യുന്നതും ഇന്ത്യയിൽനിന്ന് പരുത്തിപോലെയുള്ള അസംസ്കൃത വസ്തുക്കൾ ഇറക്കുമതി ചെയ്യുന്നതുമാണ്' (ബിപൻ ചന്ദ്ര: 98). ഒരു ഘട്ടത്തിൽ നമ്മുടെ നാട്ടിൽനിന്നുള്ള അസംസ്കൃത വസ്തുക്കളെ ഇവിടെനിന്നുതന്നെ വ്യവസായ ഉല്പന്നമാക്കി ഇംഗ്ലണ്ടുൾപ്പെടെയുള്ള വിദേശരാജ്യങ്ങളിലേക്ക് കയറ്റി അയക്കുകയാണ് ചെയ്തിരുന്നത്. ബ്രിട്ടനിലെ വ്യവസായവിപ്ലവം ഈ പ്രക്രിയയെ അട്ടിമറിച്ചു. അതോടെ ഇന്ത്യയിലെ അസംസ്കൃതവസ്തുക്കളെ അവയായിത്തന്നെ കയറ്റി അയച്ചു. ഇവിടെ സ്വകീയമായി വ്യാവസായികസംരംഭങ്ങൾ തുടങ്ങുന്നതിന് പലയിടത്തും വിലക്കും ഏർപ്പെടുത്തി. കോളനിഭരണകാലത്ത് സാമ്പത്തികമേഖലയിൽ ഇന്ത്യക്കാരുടെ ഉല്പാദനക്ഷമതയും വളർച്ചയും

ബോധപൂർവ്വം ഇല്ലാതാക്കിയതുപോലെത്തന്നെയാണ് ഭാഷയുടെ ഉല്പാദന ക്ഷമതയും വളർച്ചയും ഇല്ലാതാക്കുന്നത്. വിദ്യാഭ്യാസമാധ്യമം ഇംഗ്ലീഷാക്കുന്ന 1835-ലെ മെക്കാളെ നോട്ട് വ്യക്തമായും ബ്രിട്ടീഷ് സാമ്പത്തികനയത്തിന്റെ സാംസ്കാരികഭാഷ്യം തന്നെയായിരുന്നു.

ഇസബെല്ല ലെഗ്ലിസയും ബെനിറ്റ മിഗ്വെയും 'ഭാഷയും കോളനീകരണവും' എന്ന ലേഖനത്തിൽ ഈ മേഖലയിലെ മുൻകാല സമീപനങ്ങൾ വ്യക്തമാക്കുന്ന ചിന്തകരെ എടുത്തു കാട്ടുന്നുണ്ട്. അയ്മെ സിസയർ, ഫ്രാന്റ്സ് ഫാനൻ, സ്പെൻസർ, വൈറ്റ്ലി, കാൽവെറ്റ്, അച്ചബെ, ബാംഗ്ബോസ്, ദ്രമോങ്, എൻഗുഗി വാ തിങ്കോംഗോ എന്നിവരിലേക്കാണവർ ശ്രദ്ധ തിരിക്കുന്നത്[3]. സമകാലികരായ പെന്നിക്കുക്ക്, റോബർട്ട് ഫില്ലിപ്സൻ എന്നിവരെയും ചൂണ്ടിക്കാട്ടുന്നു. ഇവയിൽ പലതും ഭാഷാശാസ്ത്രത്തെ സംബന്ധിച്ച അക്കാദമിക വ്യവഹാരങ്ങളിൽ വരാത്ത പേരുകളാണ് . അവർ കോളനി വിരുദ്ധസമരവുമായും രാഷ്ട്രമീമാംസയുമായും ബന്ധപ്പെട്ടാണ് കൂടുതൽ അറിയപ്പെടുന്നത്. കോളനിവിരുദ്ധസമരത്തിന്റെ അന്തർവൈജ്ഞാനികബന്ധത്തെ ഇത് എടുത്തുകാട്ടുന്നു. നമ്മുടെ അക്കാദമികലോകത്തിന് ഭാഷാസൂത്രണചർച്ചയെ ഭാഷാനയചർച്ചയായി വികസിപ്പിക്കണമെങ്കിൽ കോളനിവിരുദ്ധസമരങ്ങൾ ഏർപ്പെട്ട വിവിധ വൈജ്ഞാനികബന്ധങ്ങളെ തിരിച്ചറിയേണ്ടിവരും. ദേശീയസമരകാലത്തെയും നവോത്ഥാനകാലത്തെയും വിമോചനമൂല്യങ്ങളെ അക്കാദമികമേഖലയിൽ സ്ഥാപിച്ചെടുക്കുക എന്ന പ്രക്രിയ തന്നെയാണിത്. യൂറോകേന്ദ്രിതവും രേഖീയവുമായ ഭാഷാശരീര ആസൂത്രണയുക്തിക്കുള്ളിൽ ശുദ്ധ അക്കാദമിക്കുകളായി നിലകൊള്ളുന്നിടത്തോളം അവർക്ക് ഭാഷയുടെ ഈ ബഹുതലബന്ധം വ്യക്തമാക്കാനോ ഈ ദൗത്യം ഏറ്റെടുക്കാനോ കഴിയില്ല.

കോളനിയനന്തരവാദപരമായ സമീപനം അക്കാദമിക മേഖലയിൽ വേരുറയ്ക്കുന്നതിന്റെ സൂചനകൾ ഈയടുത്ത കാലത്ത് വ്യക്തമാണ്. കോളനിയനന്തരഭാഷാശാസ്ത്ര ജേണൽ (Post-colonial Linguistics) എന്ന ഒരു പ്രസിദ്ധീകരണം തന്നെ ആരംഭിച്ചിരിക്കുന്നു. ഭാഷാനയത്തെ സംബന്ധിച്ച കാംബ്രിജ് കൈപ്പുസ്തക (The Cambridge Handbook of Language Policy, 2012) ത്തിൽ കോളനീകരണവുമായി ബന്ധപ്പെട്ട നാലു ലേഖനങ്ങൾ ചേർത്തിട്ടുള്ളതും അക്കാദമികമേഖലയിൽ കോളനിയനന്തരവാദം ചെലുത്തുന്ന സ്വാധീനം വ്യക്തമാക്കുന്നതാണ്[4]. അന ഡ്യൂബമെർട്ട് തുടങ്ങിയവർ ചേർന്ന് എഡിറ്റ് ചെയ്ത കോളനീകരണപരവും അപകോളനീകരണപരവുമായ

ഭാഷാശാസ്ത്രം (Colonial and Decolonial Linguistics, 2020) കോളനീകരണ സന്ദർഭത്തിലെ ഭാഷാശാസ്ത്രത്തിന്റെ പ്രയോഗം ചർച്ച ചെയ്യുന്നതാണ്. ഇന്ത്യയും ആഫ്രിക്കയുമെല്ലാം ചർച്ചയുടെ ഭാഗമാണ്. പക്ഷേ കോളനിയനന്തരവാദത്തിന്റെ ഒരു വശം ഭൂതകാലത്തിലെ ഊന്നലാണ്. ഈ സമീപനത്തിൽ നിന്ന് ഈ പുസ്തകവും സ്വതന്ത്രമല്ല. എന്നാൽ അത് കോളനീകരണമെന്ന യാഥാർഥ്യത്തെ ഭാഷാശാസ്ത്രവുമായി ബന്ധിപ്പിച്ചു കാണുന്നു എന്നതിനാൽ അക്കാദമിക മേഖലയിൽ പ്രസക്തമാണ്. ഇപ്പോൾ രൂപപ്പെടുത്തേണ്ടതും ഭാവിയിൽ ലക്ഷ്യമാക്കേണ്ടതുമായ ഭാഷാനയമെന്താകണം എന്നതിലേക്ക് ഈ ചർച്ചകൾ എത്തിച്ചേരേണ്ടതുണ്ട്. ഭാഷാപരമായ കോളനീകരണവും അപകോളനീകരണവും ഒരുപോലെ ചർച്ച ചെയ്യേണ്ടതുണ്ട്. കറുത്തഭാഷാശാസ്ത്രമെന്നും പ്രതിരോധഭാഷാശാസ്ത്രമെന്നും വിളിക്കുന്നത് ഈ സമീപനത്തെയാണ്.[5]

### കോളനീകരണവും നിഷേധാത്മക ഭാഷാനയവും

ഭാഷയുടെയോ ഭാഷകളുടെയോ ഉപയോഗത്തിൽ ബോധപൂർവം ഇടപെടുന്നതാണ് ഭാഷാസൂത്രണം എന്ന് നിർവചിക്കുന്നുണ്ടല്ലോ(Kennedy : 264). അങ്ങനെയെങ്കിൽ ഇന്ന് നാം ചർച്ച ചെയ്യുന്ന കാര്യങ്ങൾ മാത്രമല്ല അതിന്റെ പരിധിയിൽ വരിക. കോളനീകരണഘട്ടം മുതൽ പ്രകടമായും നമ്മുടെ നാട്ടിൽ ഭാഷാസൂത്രണം നടന്നിട്ടുണ്ട് എന്നും ഭാഷാശാസ്ത്രവുമായി ബന്ധപ്പെട്ടല്ല, കൊളോണിയലായ രാഷ്ട്രീയപ്രക്രിയയുടെ ഭാഗമായാണത് ഉണ്ടായത് എന്നുമുള്ള തിരിച്ചറിവിലേക്ക് അത് എത്തിക്കും. കോളനീകരണ ഘട്ടത്തിൽ കീഴടക്കപ്പെട്ട ജനതകളുടെ ഭാഷകളുടെമേൽ നടത്തിയ അതിക്രമങ്ങളെല്ലാം അതിനുള്ളിൽ വരും.

ഭാഷാപരമായ കോളനീകരണപ്രക്രിയയിൽ രണ്ടു പ്രവണതകൾ ഫ്രഞ്ച് ഭാഷാശാസ്ത്രജ്ഞനായ ലൂയി ജീൻ കാൽവെറ്റ് കണ്ടെടുക്കുന്നതായി ഇസബെല്ല ലെഗ്ലിസെയും ബെനിറ്റ മിഗ്വെയും എടുത്തുപറയുന്നു (5).

### 1. ലംബമാനം

ഭാഷയുടെ സാമൂഹ്യമായ വ്യാപനത്തെയാണ് ഈ രീതി സൂചിപ്പിക്കുന്നത്. യൂറോപ്യൻഭാഷ ആദ്യമായി കോളനി ജനതയിലെ 'ഉപരിവർഗങ്ങളെ' സ്വാധീനിച്ചു. അതിനുശേഷം മാത്രമാണ് 'താണവർഗ'ങ്ങളിലേക്ക് പടർന്നത്.

## 2. തിരശ്ചീനം

ഭൂമിശാസ്ത്രപരമായ വ്യാപനത്തെയാണിത് സൂചിപ്പിക്കുന്നത്. തലസ്ഥാനങ്ങളിൽനിന്ന് ഗ്രാമങ്ങളിലേക്ക് അധിനിവേശഭാഷ വ്യാപിക്കുന്നു. ലംബതലത്തിലും തിരശ്ചീനതലത്തിലുമുള്ള ഈ വ്യാപനത്തിന്റെ ഒരു ഉപകരണം വിദ്യാഭ്യാസം തന്നെയാണ്. സന്തുലനമില്ലാത്ത ഒരു സാമൂഹ്യപ്രത്യയശാസ്ത്രം സ്ഥാപിക്കാൻ കൊളോണിയൽ ശക്തികൾ വിദ്യാഭ്യാസവ്യവസ്ഥയിലൂടെ പരിശ്രമിച്ചു. സാമൂഹ്യവും ഭാഷാപരവുമായ പലതരം പ്രയോഗങ്ങളിലൂടെ അത് ഉറപ്പിച്ചെടുത്തു. അതിന്റെ ഭാഗമായി അധിനിവേശകന്റെ ഭാഷയാണ് ഏറ്റവും ഉത്തമം എന്നു വന്നു. ഓരോ കോളനിയിലെയും ഭരണപരവും വാണിജ്യപരവുമായ മേഖലകളിൽ അധിനിവേശഭാഷ ആധിപത്യം നേടി.

സാമൂഹ്യമായ ഒരസമത്വത്തെ അത് സ്ഥാപിച്ചെടുത്തു എന്നതാണ് നമുക്ക് ഇതിൽനിന്നുണ്ടാകേണ്ട തിരിച്ചറിവ്. നഗരത്തോടും ഭരണകൂടത്തോടും ചേർന്നുനില്ക്കുന്ന വർഗത്തിന് മേൽക്കൈ ലഭിച്ചു. ഇത് മിക്കവാറും പരമ്പരാഗതമായി അധികാരം കയ്യാളിയിരുന്ന വർഗം തന്നെയായിരുന്നു. സാമൂഹ്യമായ അസമത്വത്തെ വികസിപ്പിക്കുന്ന ഈ സമീപനം ജനാധിപത്യവിരുദ്ധമാണ്. ഡൂൺ സ്കൂൾ ഇന്ത്യയിലെ ഉപരിവർഗത്തെ അധികാരസ്ഥാനത്ത് നിലനിർത്തുന്നതിൽ എങ്ങനെ ഇടപെട്ടു എന്നും മറ്റുമുള്ള പഠനങ്ങളുമായും ഇതിനെ ചേർത്തുവെക്കാം.[6] ഭാഷാനയത്തിന് നിഷേധാത്മകവും ഗുണപരവുമായ വശങ്ങളുണ്ടാകാമെന്നു വരുന്നു. ഭാഷാസൂത്രണത്തെ ധനാത്മകമെന്നും ഋണാത്മകമെന്നും ടോവ് സ്കൂട്ട്നാബ്-കാംഗാസിനെപ്പോലുള്ള ചില പഠിതാക്കൾ നടത്തുന്ന തരംതിരിവ് ഈ പ്രക്രിയയെ വിശദീകരിക്കാൻ പര്യാപ്തമാണ്.[7]

ഭാഷയുടെ ശേഷി വികസിക്കാനുള്ള ആസൂത്രണത്തെ ധനാത്മക ആസൂത്രണമെന്നും ശേഷി കുറക്കാനോ ഇല്ലാതാക്കാനോ ഉള്ള ആസൂത്രണത്തെ ഋണാത്മക ആസൂത്രണമെന്നും വിളിക്കുന്നു. ഇവ ഭരണകൂടനയങ്ങളുമായി ചേർന്നു നില്ക്കുന്നതായതുകൊണ്ട് നിഷേധാത്മകഭഷാനയമെന്നും ധനാത്മകമായ ഭാഷാനയമെന്നുമാണ് യഥാർഥത്തിൽ വിളിക്കപ്പെടേണ്ടത്.

ബ്രാഹ്മണാധിപത്യത്തിന്റെ ഭാഗമായി സംസ്കൃതം വ്യാപിക്കുകയും മലയാളമുൾപ്പെടെയുള്ള ഭാഷകളെ അപേക്ഷിച്ച് അതാണ് വരേണ്യം എന്ന ധാരണ ശക്തിപ്പെടുകയും ചെയ്ത ഘട്ടത്തിൽ മാതൃഭാഷയോടു സ്വീകരിച്ചത് നിഷേധാത്മകമായ നയമായിരുന്നു. ജാതിഘടനയിലെ ശ്രേണീബോധം സംസ്കൃതം/മലയാളം എന്ന മേൽകീഴ് ബന്ധമായി പ്രതീകവൽക്കരിക്കപ്പെടുകയായിരുന്നു. സംസ്കൃതത്തെ കേന്ദ്രീകരിച്ചായിരുന്നു ഈ ആധിപത്യബോധമെങ്കിൽ

പാശ്ചാത്യരാജ്യങ്ങളുടെ കോളനീകരണത്തോടെ അത് യൂറോപ്യൻഭാഷകളെ മുൻനിർത്തി പ്രത്യക്ഷമായ ആധിപത്യമായി മാറി.

രണ്ടു തരത്തിൽ കോളനിശക്തികൾ നാട്ടുകാരുടെ ഭാഷയെ ഇല്ലാതാക്കൻ ശ്രമിച്ചിട്ടുണ്ടെന്നു കാണാം:

1. നേരിട്ട് നിരോധനം വഴി (പോർച്ചുഗീസുകാർ ഗോവയിൽ കൊങ്കണിയോട് ചെയ്തത് ഉദാഹരണം).
2. വ്യവസ്ഥാപിതമായി, ആധികാരിക സ്ഥാനങ്ങളിൽനിന്ന് നാട്ടുഭാഷകളുടെ പദവി എടുത്തുകളഞ്ഞുകൊണ്ട് (മെക്കാളെയുടെ നയംവഴി ബ്രിട്ടീഷ് ഇന്ത്യയിൽ ചെയ്തതുപോലെ).

ഇന്ത്യയിൽ ഭാഷയുടെ മേലുള്ള കോളനീകരണത്തിന്റെ ആദ്യ സന്ദർഭം പോർച്ചുഗീസ് ഘട്ടത്തിൽ തന്നെ ആരംഭിക്കുന്നുണ്ട്. 1510-ൽ അൽബുക്കർക്ക് ആദിൽഷായിൽനിന്ന് ഗോവ പിടിച്ചെടുക്കുന്നത് ഇന്ത്യയിലെ കോളനീകരണത്തിന്റെ തുടക്കമാണെന്നു പറയാം. പോർച്ചുഗീസുകാർ ഗോവയുടെ മേൽ നേടിയ സൈനികമായ ആധിപത്യം പിന്നീട് ഭാഷാമേഖലയിലേക്കു കൂടി വ്യാപിച്ചു. പോർച്ചുഗീസ് വൈസ്രോയിയായ ഫ്രാൻസിസ്കോ ഡി ടവോറയാണ് 1684- ൽ ഗോവയിൽ കൊങ്കണി ഭാഷ നിരോധിക്കുന്നത്. പൊതുസ്ഥലങ്ങളിലും വിദ്യാഭ്യാസത്തിലും മതകാര്യങ്ങളിലുമൊന്നും കൊങ്കണി ഉപയോഗിക്കരുതെന്നു വന്നു. ബലപ്രയോഗത്തിലൂടെ രാഷ്ട്രീയാധികാരം സ്ഥാപിക്കാനും മതപരിവർത്തനം നടത്താനുമാണ് പോർച്ചുഗീസുകാർ ശ്രമിച്ചത്.

കോളനീകരണം സൃഷ്ടിച്ച നിഷേധാത്മകമായ ഭാഷാനയത്തെ ധനാത്മകമായ നയംകൊണ്ട് തിരുത്തുകയും അതിനനുസൃതമായി ഭാഷാസൂത്രണം നടത്തുകയും ചെയ്യുകയാണ് വേണ്ടത്. എൻക്രൂമയും ഗാന്ധിജിയുമുൾപ്പെടെയുള്ളവരുടെ ജനകീയ സമരങ്ങളുടെ തുടർച്ചയിലാണത് നില്ക്കുന്നത്. ഒറ്റപ്പെട്ട അക്കാദമിക പണ്ഡിതരല്ല, സംഘടിത ജനതയാണ് ഈ നയംമാറ്റത്തിന് പിന്നിലെ ശക്തി. ജനാധിപത്യത്തിന്റെയും സാമൂഹ്യനീതിയുടെയും വികസനത്തിന്റെയും വിഭവാധികാരത്തിന്റെയും ആഴത്തിലുള്ള പ്രശ്നമായാണ് മൂന്നാം ലോകത്ത് അത് തിരിച്ചറിയപ്പെട്ടിട്ടുള്ളത്. ഈ സാമാന്യ പശ്ചാത്തലത്തിൽ നിന്ന് മലയാളത്തിന്റെ സാഹചര്യത്തിലേക്ക് കടക്കാം.

### ധനാത്മക ഭാഷാനയം—മലയാളത്തിന്റെ ഘട്ടങ്ങൾ

ഭാഷാനയവുമായി ബന്ധപ്പെട്ട് മലയാളത്തിന്റെ ചരിത്രത്തെ എഴ് ഘട്ടങ്ങളാക്കി തിരിക്കാവുന്നതാണ്.

1. ഭാഷാമനോഭാവവും മലയാളത്തിന്റെ വേർതിരിവിനെക്കുറിച്ചുള്ള ബോധവും രൂപപ്പെടുന്നു
2. മിഷണറി ഭാഷാനയം
3. തദ്ദേശീയമായ നയരൂപീകരണം
4. തദ്ദേശ ഭരണകൂടനയം
5. കോളനി വിരുദ്ധ, ദേശീയ സമരങ്ങൾ
6. പ്രാദേശിക രാഷ്ട്രീയ പ്രസ്ഥാനങ്ങൾ
7. ഭാഷയ്ക്കു വേണ്ടിയുള്ള പ്രസ്ഥാനങ്ങൾ

ഭാഷയോടുള്ള മനോഭാവ (Language Attitude) മാണ് ഭാഷയെ നില നിർത്തണോ വികസിപ്പിക്കണോ അതിനുവേണ്ടി പരിശ്രമിക്കണോ എന്ന തിനെയെല്ലാം നിശ്ചയിക്കുന്നത്. സംസ്കൃതത്തിൽനിന്ന് ജനിച്ചതാണ് എല്ലാ ഇന്ത്യൻ ഭാഷകളുമെന്ന തെറ്റിദ്ധാരണയ്ക്ക് ബ്രാഹ്മണമേധാവിത്തത്തിന്റെ പ്രത്യയശാസ്ത്ര പിൻബലവുമുണ്ടായിരുന്നല്ലോ. സംസ്കൃതനാടകമായ കൂടിയാട്ട ത്തിൽ ഉത്തമകഥാപാത്രങ്ങൾ സംസ്കൃതം പറയുകയും അല്ലാത്തവർ പ്രാകൃതം പറയുകയും ചെയ്യുന്നതിലും ഇതുണ്ട്. അവിടെ വിദൂഷകനാണ് മലയാളത്തെ പ്രതിനിധീകരിച്ചത്. പൂന്താനത്തിന്റെ പച്ചമലയാളകൃതി പരിശോധിക്കാനുള്ള മേൽപ്പത്തൂരിന്റെ വൈമനസ്യത്തിന് കാരണവും ഈ മനോഭാവം തന്നെ. പതിമൂന്നു മുതൽ പതിനാറു വരെയുള്ള നൂറ്റാണ്ടുകളിലെ മലയാളത്തിന്റെ സാഹിത്യഭാഷയെന്ന നിലയിലും വിജ്ഞാനഭാഷയെന്ന നിലയിലുമുള്ള വികാസത്തിന്റെ ചരിത്രം ഈ മനോഭാവത്തോടുള്ള ഏറ്റുമുട്ടലിന്റെയും വിജയത്തിന്റെയും ചരിത്രമാണ്. സംസ്കൃതത്തിൽനിന്ന് വേറിട്ട് എന്നാൽ അതിൽനിന്ന് സ്വീകരിക്കാവുന്നത് സ്വീകരിച്ച് മുന്നേറിയതിന്റെ ചരിത്രമാണത്. സംസ്കൃതത്തെ മാത്രമല്ല, അറബിയും സുറിയാനിയുമുൾപ്പെടെയുള്ള ഭാഷയിൽ നിന്നുള്ള പദങ്ങളെയും സ്വീകരിച്ചു. ഊഴിയിൽ ചെറിയവർക്ക് അറിയുമാറ് ഉര ചെയ്യുന്ന രാമചരിതകാരൻ മുതൽ ഭടജനങ്ങളുടെ നടുവിൽ കേരളഭാഷ യ്ക്കുവേണ്ടി നിന്ന കുഞ്ചൻ നമ്പ്യാർവരെ മനോഭാവത്തെ പ്രതിനിധീകരിക്കുന്നു. അധികാരത്തോടും അധിനിവേശത്തോടും ചെറുത്തുനിന്ന് സ്വന്തം ജനതയുടെ ശബ്ദം കേൾപ്പിക്കാനുള്ള സമരങ്ങളിലായിരുന്നു ഇവരെല്ലാം ഏർപ്പെട്ടത്. ഇന്ത്യയിലാകമാനം നോക്കിയാൽ ഭക്തിപ്രസ്ഥാനം മാതൃഭാഷയിലൂന്നിയ ഈ പ്രതിരോധത്തെയാണ് പ്രതിനിധീകരിച്ചത്.

### മിഷനറി ഭാഷാനയം–മനോഭാവത്തിൽനിന്ന് ആസൂത്രണത്തിലേക്ക്

ലീലാതിലകം മുതൽ സൂചിപ്പിക്കാറുള്ള മലയാളം എന്ന ഭാഷയുടെ വേർതിരിവിനെക്കുറിച്ചുള്ള ബോധം നിർണായകമായ മാറ്റത്തിലെത്തുന്നത് പത്തൊമ്പതാം നൂറ്റാണ്ടിൽ എഫ്.ഡബ്ല്യു. എല്ലിസിന്റെ ദ്രാവിഡത്തെളിവ് എന്ന സങ്കല്പത്തെയും തുടർന്ന് റോബർട്ട് കാൾഡ്വലിന്റെ 1856-ൽ വന്ന ദ്രാവിഡഭാഷാവ്യാകരണത്തിന്റെയും പ്രസിദ്ധീകരണത്തോടെയുമാണ്. ഒരേ സമയം ഭാഷാശരീര ആസൂത്രണത്തിലേക്കും ഭാഷാനയത്തിലേക്കും വികസിക്കാനുള്ള സാധ്യതകൾ ഇവരുടെ സമീപനത്തിലുണ്ടായിരുന്നു. കാരണം സംസ്കൃതത്തെ ഉയർത്തിക്കാട്ടി മലയാളത്തെ താഴ്ത്തിക്കെട്ടുന്ന മലയാളികളുടെ ഭാഷാമനോഭാവത്തെക്കൂടിയാണ് എല്ലിസ് വിമർശിച്ചത്. ഈ വിമർശനം കാൾഡ്വലും ദ്രാവിഡസന്ദർഭത്തിൽ വികസിപ്പിക്കുന്നുണ്ട്.

പോർച്ചുഗീസുകാർ കരുതിയതുപോലെ ബലപ്രയോഗത്തിലൂടെയുള്ള മതപരിവർത്തനത്തിൽനിന്ന് വ്യത്യസ്തമായി മതപരിവർത്തനമെന്നാൽ മനപ്പരിവർത്തനം തന്നെയാണ് എന്ന നിലപാടാണ് മിഷണറിമാർ സ്വീകരിച്ചത്. പോർച്ചുഗീസ് കോളനിയായ ഗോവയിൽത്തന്നെ പിൽക്കാലത്ത് ഈ മാറ്റംവന്നതു കാണാം. പോർച്ചുഗലിലെ രാഷ്ട്രീയ കാലാവസ്ഥ മാറിയപ്പോഴാണ് ഗോവയിലെ ഭാഷാനയവും മാറുന്നത്. പോർച്ചുഗലിൽ 1820-ൽ നടന്ന ലിബറൽ വിപ്ലവത്തിനു ശേഷം പോർച്ചുഗീസ് അധികാരികൾ ഗോവൻഭാഷയോടും സംസ്കാരത്തോടും പുതിയ സമീപനമാണ് പുലർത്തിയത്. 1857-ൽ ഗവർണർ ജനറലിന്റെ സെക്രട്ടറിയായിരുന്ന കുഞ്ഞ റിവാര (Cunha Rivara) കൊങ്കണി ഭാഷയെ തിരിച്ചുകൊണ്ടു വരുന്നതിലും ആധുനികീകരിക്കുന്നതിലും വലിയ പങ്കു വഹിച്ചു. സ്വയം ഒരു കൊങ്കണി പണ്ഡിതനല്ലാത്ത അദ്ദേഹത്തിന്റെ രാഷ്ട്രീയനയമാണ് ആ ഭാഷയുടെ പുരോഗതിക്ക് ഊർജ്ജം നൽകിയത്. കൊങ്കണിയിൽ ആനുകാലികങ്ങൾ വന്നു. 1890-ൽ കൊങ്കണിയിലെ ആദ്യ നോവലും പുറത്തിറങ്ങി.

കോളനിവിരുദ്ധസമരത്തിന്റെ ഭാഗമായല്ല മിഷണറിമാർ മാതൃഭാഷയെ മുന്നോട്ടുവെച്ചത്. മാതൃഭാഷയിലാണ് മനസ്സ് രൂപീകരിക്കപ്പെടുന്നത് എന്ന ലിബറൽ ഉൾക്കാഴ്ച മിഷണറിമാർക്കുണ്ടായിരുന്നു. ആന്തരികവും ഭാവപരവുമായ പരിണാമമാണ് അവർ വ്യക്തിയിൽ ഉണ്ടാക്കാൻ ശ്രമിച്ചത്. അതിനാൽ അവരുടെ ശ്രദ്ധ മാതൃഭാഷയിലേക്ക് തിരിഞ്ഞു. തദ്ദേശീയ ജനതയെ അറിയാൻ അവരുടെ ഭാഷയും വ്യാകരണവും അറിയേണ്ടതുണ്ടായിരുന്നു. തദ്ദേശീയ ജനതയ്ക്ക് മിഷണറിമാർ ഉണ്ടാക്കിയ പുതിയ സംസ്കാരസങ്കല്പവുമായി

സംവദിക്കാൻ സ്വന്തം ഭാഷയിൽ ആധുനിക സാഹിത്യരൂപങ്ങളും ഉണ്ടാക്കേണ്ടിയിരുന്നു.

ഭാഷാസൂത്രണവുമായി ബന്ധപ്പെട്ട് മലയാളത്തിലെ ഭാഷാനവോത്ഥാനത്തിന്റെ ആരംഭബിന്ദുവായി എടുത്തുകാണിക്കാവുന്ന പലതും മിഷണറി പ്രവർത്തനവുമായി നേരിട്ടോ അല്ലാതെയോ ബന്ധപ്പെട്ടതാണ്. ഭാഷാസാങ്കേതികതയുടെ ആദ്യഘട്ടത്തിൽ അവരുടെ സംഭാവന നിർണായകമാണ്. സംക്ഷേപവേദാർത്ഥത്തിന്റെ പ്രസിദ്ധീകരണം ഒരു സന്ദർഭമാണ്. ഭാഷാസാങ്കേതികതയുടെ തലത്തിലെയും നിർണായക വേർതിരിവ് ബെഞ്ചമിൻ ബെയിലിയോടെയാണെന്നു പറയാം. സാങ്കേതികമായ ഈ ആസൂത്രണത്തെയെല്ലാം ഭാഷാശരീരപരമായ ആസൂത്രണം (കോർപസ് പ്ലാനിംഗ്) എന്നു വിളിക്കാം. സമാന്തരമായി സംഭവിച്ച നിഘണ്ടു നിർമാണവും വ്യാകരണരചനയുമെല്ലാം ഇതിൽപെടുത്താം. ഗുണ്ടർട്ടുൾപ്പെടെയുള്ളവരുടെ പ്രവർത്തനങ്ങളെ ഈ നിലയിൽ വിലയിരുത്താനും കഴിയും. ഉദയംപേരൂർ സൂന്നഹദോസിന്റെ കാനോനകൾപോലെ പലതും അബോധമായി മറ്റുനിലയിൽ ഭാഷയുടെ വളർച്ചയിൽ പങ്കാളികളായി. പശ്ചിമോദയവും രാജ്യസമാചാരവും ജ്ഞാനനിക്ഷേപവും മറ്റും ഭാഷാശേഷീ വികസനത്തിലും വലിയ പങ്കു വഹിച്ചു. റവ.ഹോക്സ് വർത്തിന്റെ വിഭക്തപദസംഗ്രഹം (1861) പദകോശനിർമാണത്തിലേക്കുള്ള തുടക്കവുമായി.

### തദ്ദേശീയമായ മനോഭാവമാറ്റവും ഇടപെടലുകളും

മിഷണറിമാർ തുറന്നുവിട്ട മാതൃഭാഷയുടെ ഭൂതശക്തി ഏതെങ്കിലുമൊരു മതത്തിന്റെ അതിർത്തികളിൽ ഒതുങ്ങുന്നതായിരുന്നില്ല. അത് ഭാവിയിലേക്കുകൂടി നോക്കുന്നതായിരുന്നു. വിദേശമിഷണറിമാരിൽനിന്ന് തദ്ദേശീയ പുരോഹിതരിലേക്കും വൈയാകരണന്മാരിലേക്കും വരുമ്പോൾ ഇതു കൂടുതൽ വ്യക്തവുമാണ്.

മാതൃഭാഷയോടുള്ള രാമചരിതം മുതലുള്ള കവികളുടെ ധനാത്മക മനോഭാവത്തെ ആസൂത്രണയുക്തിയിലേക്ക് വികസിപ്പിക്കുന്നത് പത്തൊമ്പതാം നൂറ്റാണ്ടിലെ വ്യാകരണപണ്ഡിതരുൾപ്പെടെയുള്ള ഭാഷാപോഷണ പ്രവർത്തകരാണ്. ജോർജ്ജ് മാത്തൻ മുതലുള്ളവർ ഏറ്റെടുത്തത് അപകോളനീകരണപരവും ധനാത്മകവുമായ ഈ ഭാഷാസൂത്രണമാണ്. ഇംഗ്ലീഷുമായി മലയാളത്തെ താരതമ്യം ചെയ്ത് മലയാളത്തിന്റെ മികവുകൂടി ജോർജ്ജ് മാത്തൻ എടുത്തുകാണിക്കുന്നുണ്ട്. 'വന്നു, വന്നേ, വര്ന്നേ എന്നുള്ള ഭാവഭേദങ്ങൾ എംഗ്ലീഷിൽ വരുത്തുവാൻ ശ്രമിച്ചാൽ സാധിക്കയില്ല. എഴുതിക്കോണ്ടു,

എഴുതിക്കഴിഞ്ഞു, എഴുതിയേച്ചു, എഴുതിപ്പോയി എന്നിങ്ങനെയുള്ള ഭാവനങ്ങളെ ആ ഭാഷയിൽ വരുത്തണം എങ്കിൽ ബഹുചുറ്റിക്കെട്ടു വേണ്ടിയിരിക്കുന്നു' (സാമുവൽ: 444).

മലയാളം തമിഴിലെഴുതുന്നതിനെയും ജോർജ്ജ് മാത്തൻ വിമർശിക്കുന്നുണ്ട്. തമിഴക്ഷരം ബഹുജനങ്ങൾക്കു അന്യമായിരിക്കുന്നു എന്നു മാത്രമല്ല, മലയാണ്മയ്ക്കു കൊള്ളുന്നതുമല്ല എന്ന് വിമർശിക്കുന്നു.

1864-ലെ ഒരു പുസ്തക നിരൂപണത്തിൽ ഭരണഭാഷയെ സംബന്ധിച്ച വിമർശനം അദ്ദേഹം ഉന്നയിക്കുന്നുണ്ട്: ഗ്രന്ഥാക്ഷരവും തമിഴക്ഷരവുമല്ല മലയാളമാണ് വേണ്ടത് എന്നു വാദിക്കുന്നു. സൂക്ഷ്മമായി ശ്രദ്ധിച്ചാൽ ഭാഷാശരീരത്തിന്റെ ആസൂത്രണവും നിഷേധാത്മകഭാഷാനയത്തിൽനിന്ന് ധനാത്മകമായ നയത്തിലേക്കുള്ള മാറ്റവും ഒന്നു ചേർന്നാണ് നിലനിന്നത് എന്നു കാണാം. ജോർജ്ജ് മാത്തൻ കേരളീയനായ ആദ്യത്തെ വ്യാകരണ രചയിതാവു മാത്രമല്ല ധനാത്മകമായ ഒരു ഭാഷാനയം മുന്നോട്ടുവെച്ച ആൾ കൂടിയാണ്.

സാങ്കേതികമായ ആധുനികീകരണം ഒരു നയമായി മാറുന്നത് ജോർജ്ജ് മാത്തനോടു കൂടിയാണെന്നു പറയാം. വിദ്യാഭ്യാസവും ഭരണവും കോടതിയും മലയാളത്തിലാകണമെന്ന പ്രഖ്യാപനം 1867-ൽ ബാലാഭ്യസനത്തെക്കുറിച്ചുള്ള ഒരു പ്രസംഗത്തിൽ പ്രഖ്യാപിക്കുമ്പോൾ അത് വ്യക്തമായ ഭാഷാനയം തന്നെയായി മാറുകയാണ്. മെക്കാളെയിൽനിന്ന് ഭിന്നമായ സ്വരമാണിത്. മലയാളനോവലിസ്റ്റായ ആർച്ച് ഡീക്കൻ കോശിയിലും ഈ നിലപാട് കാണാം. ഭാഷാശരീരത്തെ മുൻനിർത്തിയുള്ള ആസൂത്രണം ധനാത്മകമായ ഭാഷാനയമായി വികസിക്കുകയാണ്. മിഷണറിമാരും പുരോഹിതരും ഉന്നയിച്ച ഭാഷാബോധം ക്രിസ്തുമതത്തിൽ ഒതുങ്ങി നിന്നില്ല. മതവിദ്യാഭ്യാസമുൾപ്പെടെ എല്ലാം മാതൃഭാഷയിലാണ് നിർവഹിക്കേണ്ടത് എന്ന് സനാവുല്ലാ മക്തിതങ്ങൾ പറയുമ്പോൾ ഇത് ക്രിസ്തുമതത്തിന്റെ പരിധിക്കപ്പുറത്തേക്കും കടന്നുവെന്ന് വ്യക്തമാണ്.

ജോർജ്ജ് മാത്തന്റെ തുടർച്ചയാണ് എ.ആർ. രാജരാജവർമ്മയിലും കാണുന്നത്. കേരളപാണിനീയം വ്യാകരണ ഗ്രന്ഥത്തിനപ്പുറത്ത് ഭാഷാസൂത്രണത്തിലേക്കുകൂടി കണ്ണയക്കുന്ന കൃതിയാണ്. അദ്ദേഹത്തിന്റെ തന്നെ ഭാഷാഭൂഷണവും വൃത്തമഞ്ജരിയുമുൾപ്പെടെയുള്ള കൃതികൾ ഭാഷാനയത്തിന്റെ ഭാഗമായുള്ള ഭാഷാശേഷീവികസനം എന്ന സമീപനത്തെയാണ് എടുത്തുകാട്ടുന്നത്. ഗുണ്ടർട്ടിന്റെതുൾപ്പെടെയുള്ള മിഷണറിമാരുടെ നിഘണ്ടു

നിർമാണത്തിൽനിന്ന് ശ്രീകണ്ഠേശ്വരത്തിന്റെ ശബ്ദതാരാവലിയിലേക്കെത്തുമ്പോൾ ഭാഷയുടെ ശേഷീവികസനത്തിലൂന്നിയ ആസൂത്രണയുക്തിയാണ് പ്രവർത്തിച്ചത്. ഭാഷയുടെ ശേഷീവികസനം പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലെ കേരളീയപൊതുമണ്ഡലത്തിന്റെ പൊതുവായ അജണ്ടയായിരുന്നു. അത് ഭരണകൂടനയങ്ങളിലേക്കും കടന്നുകയറി.

നവോത്ഥാനഘട്ടത്തിൽ രൂപപ്പെട്ട ഭാഷാപോഷിണിസഭയും ഭാഷാപോഷിണി എന്ന പ്രസിദ്ധീകരണവും ഭാഷാനയം എന്ന സമഗ്രകാഴ്ചപ്പാടുതന്നെ പുലർത്തിയതായി കാണാം. വിജ്ഞാനഭാഷയിലും ഭരണഭാഷയിലും അവർ ശക്തമായ നിലപാട് സ്വീകരിച്ചിരുന്നു. പൈലോപോൾ വിജ്ഞാനപദകോശം തുടർച്ചയായി പ്രസിദ്ധീകരിച്ചത് ഭാഷാപോഷണിയിലാണ്. ഇതിന്റെ തുടർച്ച 1927-ൽ രൂപീകരിച്ച സമസ്തകേരള സാഹിത്യപരിഷത്തിലും കാണാം.

### തദ്ദേശീയഭരണകൂടം–പുതിയ ഭാഷാനയം

മിഷണറിമാരിലും തദ്ദേശീയപണ്ഡിതരിലും മാത്രമല്ല, ഭരണകൂടത്തിലും ഭാഷാസൂത്രണവും ഭാഷാനയവും സ്വാധീനം ചെലുത്തുന്നുണ്ടായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിൽ തദ്ദേശീയ ഭരണസംവിധാനങ്ങൾ ആധുനികവൽക്കരിക്കപ്പെടുന്നുണ്ടായിരുന്നു. പുതിയ ഉദ്യോഗസ്ഥസംവിധാനങ്ങളും ആധുനികമായ അറിവുല്പാദനവും നടത്തേണ്ട ആവശ്യവും ഉയർന്നു വന്നിരുന്നു. ശേഷീവികസനത്തിൽ പഠനവസ്തുക്കളുടെ നിർമാണം പ്രധാനമാകുന്നു. സാഹിത്യമേഖലയിലും വിജ്ഞാനമേഖലയിലും ഒരു ഭാഷയെ വികസിപ്പിക്കുന്നതിനുള്ള ബോധപൂർവമായ ശ്രമങ്ങൾ ഇതിന്റെ ഭാഗമാണ്. 1867-ൽ തിരുവിതാംകൂർ പാഠപുസ്തക കമ്മിറ്റി മലയാള പാഠപുസ്തകങ്ങൾ ഉണ്ടാക്കുന്നത് ഇതാണ് കാണിക്കുന്നത്. ജോർജ്ജ് മാത്തനെയാണ് കമ്മിറ്റിയുടെ ആദ്യ അധ്യക്ഷനായി പരിഗണിച്ചത് എന്നു കൂടി ആലോചിക്കുമ്പോൾ പുതിയ ഭാഷാമനോഭാവത്തിനു ലഭിച്ച സാർവത്രികത വ്യക്തമാകുകയാണ്. തിരുവിതാംകൂറിൽ തമിഴിന് പകരം മലയാളം ഭരണഭാഷയാകേണ്ട ആവശ്യകത ജോർജ്ജ് മാത്തൻ ഊന്നുമ്പോൾ അത് വരാനിരിക്കുന്ന മലയാളി മെമ്മോറിയലിലേക്കുള്ള ഒരു തിരശ്ശീല ഉയർത്തൽ കൂടിയാണ്. തദ്ദേശീയഭരണകൂടവും ജനതയും തമ്മിൽ ഭാഷയുടെ കാര്യത്തിൽ പരസ്പരം ശക്തിപ്പെടുത്തുന്ന ഒരു സമീപമാണുണ്ടായിരുന്നത്. ഭാഷാപോഷിണിയുടെ നിരവധി ലക്കങ്ങളിൽ ഉയർത്തിയ ഭാഷാപ്രശ്നം ഭരണഭാഷയുൾപ്പെടെയുള്ള ഭാഷാനയങ്ങളെ മുൻനിർത്തിക്കൂടിയുള്ളതായിരുന്നു.

## സാമൂഹ്യജനാധിപത്യത്തിലേക്ക് –ജാതി-മതനവോത്ഥാനപ്രസ്ഥാനങ്ങളും ഭാഷാനയവും

സംസ്കൃതവും മലയാളവും തമ്മിലുള്ള വ്യത്യാസത്തിൽ സാമൂഹ്യവിഭാഗങ്ങൾ തമ്മിലുള്ള അധികാരത്തിന്റെയും തലമുണ്ട്. ബ്രാഹ്മണരും ഇതര ജാതി-മതസമൂഹങ്ങളും തമ്മിലുള്ള അധികാരത്തിന്റെ ബന്ധമാണ് അതിലുൾച്ചേരുന്നത്. സാമൂഹ്യജീവിതത്തിന്റെയും വൈജ്ഞാനികജീവിതത്തിന്റെയും ഭാഷ മലയാളമാക്കിക്കൊണ്ടു മാത്രമേ കേരളത്തിൽ സാമൂഹ്യജനാധിപത്യം സാധ്യമാകൂ. കേരളത്തിലെ കീഴാളനവോത്ഥാനത്തിന്റെ മാധ്യമം മലയാളമാകാനുള്ള കാരണം അതാണ്.[8] സംസ്കൃതത്തിലുള്ള മന്ത്രോച്ചാരണങ്ങളോടു കൂടി ബ്രാഹ്മണിക അന്തരീക്ഷത്തിൽ നടത്തുന്ന ബിംബപ്രതിഷ്ഠയ്ക്ക് പകരം നാരായണഗുരു മലയാളത്തെയാണ് ജനകീയ ഭക്തിയുടെ വിനിമയഭാഷയായി കണ്ടത്. 'ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത്' എന്ന് എഴുതിയപ്പോൾ അത് വ്യക്തമായിരുന്നു. ബ്രാഹ്മണരുടെ വേദക്കുത്തകയെ എതിർത്ത ചട്ടമ്പി സ്വാമികൾ മലയാളത്തിന്റെ മാഹാത്മ്യം അല്പം അതിശയോക്തിപരമായി തന്നെ മുന്നോട്ടുവെച്ചു. പൊയ്കയിൽ അപ്പച്ചനും അയ്യങ്കാളിയും എല്ലാം മലയാളത്തെയാണ് ആശയസ്രോതസ്സും ശക്തിയുമായി കണ്ടത്. 'മാതൃഭാഷയുടെ അഭിവൃദ്ധിമാർഗം' (1935) എന്ന സഹോദരൻ അയ്യപ്പന്റെ ലേഖനത്തിൽ പ്രകടമാകുന്നത് ഈ നിലപാടിന്റെ കാമ്പാണ്. രാഷ്ട്രീയ ജനാധിപത്യം പൂർണമാകണമെങ്കിൽ സവർണാധിപത്യം ഇല്ലാതാക്കണമെന്ന സാമൂഹ്യജനാധിപത്യ മുദ്രാവാക്യത്തെ ഭാഷയിലേക്കുകൂടി വ്യാപിപ്പിക്കുകയാണ് സഹോദരൻ അയ്യപ്പൻ ചെയ്തത്.

## കോളനിവിരുദ്ധസമരം

നിഷേധാത്മകമായ സമീപത്തിൽനിന്ന് വ്യത്യസ്തമായി നാട്ടുഭാഷയോട് ധനാത്മകമായ സമീപനം സ്വീകരിച്ചതിൽ ഏറ്റവും നിർണായകമായത് കോളനിവിരുദ്ധസമരങ്ങൾ തന്നെയാണ്. ഭാഷാശരീരത്തെ ആസൂത്രണം ചെയ്യുന്നതിനപ്പുറത്ത് ഭാഷാനയംതന്നെ പൊളിച്ചെഴുതാനുള്ള സമീപനമാണ് മൂന്നാംലോകത്തിലെ കോളനിവിരുദ്ധ സമരങ്ങൾ മുന്നോട്ടുവെച്ചത്.

കോളനിരാജ്യങ്ങളിലെ രാഷ്ട്രീയസമരത്തിന്റെ ഭാഗം തന്നെയായിരുന്നു അവിടങ്ങളിലെ ഭാഷാനയത്തിലെ മാറ്റങ്ങളും. വെറും ഭരണസൗകര്യത്തിനുവേണ്ടിയുള്ള വിഭജനം എന്ന കൊളോണിയൽ കാഴ്ചപ്പാടുവിട്ട് ഇന്ത്യയെ ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനങ്ങളായി വിഭജിക്കണമെന്ന ആവശ്യം

ദേശീയ പ്രസ്ഥാനമാണ് ഉന്നയിച്ചത്. കോളനിവിരുദ്ധ സമീപനത്തോടു കൂടി ഭാഷാസൂത്രണത്തെ സംബോധന ചെയ്യുമ്പോൾ സ്വാഭാവികമായും അത് ഭാഷാനയചർച്ചയായി മാറും. അതിന്റെ രാഷ്ട്രീയവും സാംസ്കാരികവും സാമ്പത്തികവുമായ ലക്ഷ്യവും വ്യക്തമാക്കപ്പെടും. കാരണം മെക്കാളെയുടെ ഭാഷാനയം പ്രകടമായും രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായ ഒരു ദൗത്യം മുന്നോട്ടുവെച്ചിരുന്നു. ദേശീയവിമോചന സമരത്തിൽ ഭാഷ കൂടി പ്രശ്നമായതിന്റെ കാരണവും മറ്റൊന്നല്ല. ദേശീയ സ്വാതന്ത്ര്യത്തിന്റെ തുടർച്ചയും രാഷ്ട്രനിർമാണത്തിന്റെ ഭാഗവും ആയി ഭാഷാസൂത്രണത്തെ അപ്പോൾ കാണേണ്ടി വരും.

ദേശീയ പ്രസ്ഥാനകാലത്ത് ഗാന്ധിയൻ സമീപനത്തിന്റെ ഭാഗമായും അല്ലാതെയും മാതൃഭാഷയിലൂന്നിയ ഭരണവും വിദ്യാഭ്യാസവും എന്ന ആശയം വ്യാപകമായിരുന്നു. പ്രസിദ്ധ ഭൗതികശാസ്ത്രജ്ഞനായ സത്യേന്ദ്രനാഥബോസ് പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ കൽക്കത്ത സർവകലാശാലയിൽ എം.എസ്.സി ക്ലാസുകൾ ബംഗാളി ഭാഷയിലെടുത്തത് തന്നെ ഉദാഹരണം. ഭാഷാസംസ്ഥാനം, ഭാഷാ ഉപദേശീയതാ സങ്കല്പം എന്നിവ ഇന്ത്യൻ നാഷണൽ കോൺഗ്രസും ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയും സോഷ്യലിസ്റ്റ് പാർട്ടിയും ഉൾപ്പെടെയുള്ള പ്രസ്ഥാനങ്ങളും അംഗീകരിച്ചിരുന്നു. ഭരണഘടനയിൽ വ്യക്തമായും ഇന്ത്യൻ യൂനിയന്റെ ഭാഷാനയം പ്രഖ്യാപിച്ചിട്ടുണ്ട്. ഹിന്ദിയെ ഒദ്യോഗികഭാഷയാക്കുന്നത്, ഇംഗ്ലീഷിന്റെ സ്ഥാനം, സംസ്ഥാനത്തെ ഭരണത്തിലെ ഭാഷകളെന്താകണം എന്നത്, കോടതി ഭാഷകൾ എല്ലാം ഭരണഘടന നിർവചിച്ചിട്ടുണ്ട്. ഭാഷാന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള വകുപ്പുകളും ഉണ്ട്.

1948-ൽ ഡോ.എസ്. രാധാകൃഷ്ണന്റെ നേതൃത്വത്തിലുള്ള ഉന്നത വിദ്യാഭ്യാസ കമ്മിഷൻ ഇന്ത്യൻ ഭാഷകളാണ് വിദ്യാഭ്യാസമാധ്യമമായിരിക്കേണ്ടത് എന്നു പറയുന്നു. 1964-66 ലെ കോത്താരി കമ്മിഷനും ഇന്ത്യൻ ഭാഷാമാധ്യമമായിരിക്കണം എല്ലാ തലങ്ങളിലെയും വിദ്യാഭ്യാസമാധ്യമം എന്നുറപ്പിക്കുന്നു.

സാങ്കേതിക പദങ്ങൾ ഇന്ത്യൻ ഭാഷകളിൽ വികസിപ്പിക്കാൻ സി.എസ്.ടി.ടി. (കമ്മിഷൻ ഫോർ സൈന്റിഫിക് ആന്റ് ടെക്നിക്കൽ ടെർമിനോളജി) എന്ന സ്ഥാപനം 1961 ഒക്ടോബർ 1-ന് ആരംഭിക്കുന്നു. ഭരണഘടനയുടെ 344-ാം അനുച്ഛേദത്തിലെ 44-ാം വകുപ്പ് പ്രകാരമാണ് ഇത് സ്ഥാപിക്കപ്പെട്ടത്. 1961-ൽ മുന്നോട്ടുവെച്ച സ്കൂൾ വിദ്യാഭ്യാസമേഖലയിലെ ത്രിഭാഷാപദ്ധതി 1968-ഓടെ അംഗീകരിക്കപ്പെട്ടു.

ഇന്ത്യൻ സാമൂഹ്യചരിത്രത്തിലെന്നപോലെ ഭാഷാചരിത്രത്തിലും നിർണായകമായ വിച്ഛേദം സംസ്ഥാനങ്ങളെ 1956-ൽ ഭാഷാടിസ്ഥാനത്തിൽ പുനസ്സംഘടിപ്പിച്ചതാണ്. ഇനി വരാനിരിക്കുന്ന ഭാഷാനയത്തെയും ഭാഷാസൂത്രണത്തെയും ഇതിനെക്കാൾ സ്വാധീനിച്ച മറ്റൊരു ഘടകവുമില്ല.
അതായത് രണ്ടു തരത്തിൽ ഭാഷാപ്രസ്ഥാനങ്ങൾ ഭാഷാനയത്തിൽ ഇടപെട്ടതായി കാണാം.

1. ദേശീയ സമരത്തിന്റെ ഭാഗമായി ദേശീയ പ്രസ്ഥാനം-ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെയും ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും ഇന്ത്യൻ സോഷ്യലിസ്റ്റ് പാർട്ടിയുടെയും മറ്റും ഭാഷാനയം.
2. ഭാഷയെയും പ്രദേശത്തെയും മുൻനിർത്തി രൂപപ്പെട്ട രാഷ്ട്രീയ പ്രസ്ഥാനങ്ങൾ. ഏറ്റവും നല്ല ഉദാഹരണം ദ്രാവിഡ മുന്നേറ്റ കഴകം തന്നെ. അവരുടെ രാഷ്ട്രീയത്തിന്റെ അടിസ്ഥാനങ്ങളിലൊന്ന് മാതൃഭാഷാ പ്രശ്നമായിരുന്നല്ലോ.

### കേരളം - രാഷ്ട്രീയവും ഭാഷാപരവുമായ സമരങ്ങൾ തമ്മിൽ വേണ്ടത്ര കണ്ണിചേർക്കപ്പെടാതെ പോയത്

1920-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് അതിന്റെ ഘടകങ്ങളെ ഭാഷാടിസ്ഥാനത്തിൽ പുനസ്സംഘടിപ്പിക്കാൻ തീരുമാനിച്ചു. 1921-ൽ ഒറ്റപ്പാലത്ത് നടന്ന ആദ്യത്തെ അഖിലകേരളാടിസ്ഥാനത്തിലുള്ള കോൺഗ്രസ് സമ്മേളനം ജാതിക്കും മതത്തിനും ലിംഗത്തിനും അപ്പുറത്ത് മലയാളി ഒത്തുകൂടിയ ആദ്യ സന്ദർഭമാണ്.

1956-ൽ കേരള സംസ്ഥാനരൂപീകരണത്തിലേക്കെത്തിയത് ഈ സാമൂഹ്യസംഘാടനത്തിന്റെ തുടർച്ചയായി ഐക്യകേരള പ്രസ്ഥാനത്തിൽ അണിചേർന്നവർ പല നിലകളിൽ നടത്തിയ രാഷ്ട്രീയ സമരങ്ങളാണ്. എന്നാൽ ഈ രാഷ്ട്രീയസമരത്തെ നേരത്തെ സൂചിപ്പിച്ച ഭാഷാപുരോഗതിക്കു വേണ്ടിയുള്ള സമരങ്ങളുമായി വേണ്ടത്ര കണ്ണിചേർക്കാൻ കഴിഞ്ഞില്ലെന്നത് വസ്തുതയായി അവശേഷിക്കുന്നു. ഭാഷാപോഷണിസഭ മുതൽ സമസ്തകേരള സാഹിത്യ പരിഷത്ത് വരെയുള്ള അനേകം സംഘടനകൾ മുന്നോട്ടുവെച്ച ഭാഷാനയത്തെ രാഷ്ട്രീയ സ്വാതന്ത്ര്യവുമായി വേണ്ടത്ര കണ്ണിചേർക്കാൻ കഴിഞ്ഞില്ല. ഭരണഘടനയിൽ ലക്ഷ്യമാക്കിയ ഭാഷാവകാശങ്ങളോ അഖിലേന്ത്യാതലത്തിൽ മറ്റു സംസ്ഥാനങ്ങളിൽ നടപ്പിലായ ഭാഷാനിയമങ്ങളോ കേരളത്തിൽ വേണ്ടത്ര നടപ്പാകാതെ പോയത് ഈ ബന്ധമില്ലായ്മ കൊണ്ടാണ്. ദേശീയപ്രസ്ഥാനകാലത്ത് ഹിന്ദിക്ക് ലഭിച്ച സ്വീകാര്യത അതേ രാഷ്ട്രീയസന്ദർഭത്തിൽ

മലയാളത്തിനും ലഭിക്കേണ്ടതായിരുന്നു. ഗാന്ധിജി വ്യക്തിതലത്തിൽ പറഞ്ഞ അഭിപ്രായങ്ങൾക്കപ്പുറത്ത് കേരളത്തിൽ ദേശീയ പ്രസ്ഥാനത്തിന് മാതൃഭാഷാ അജണ്ട ഉണ്ടായിരുന്നില്ല-വള്ളത്തോൾ ഉൾപ്പെടെയുള്ള പലരും രണ്ടിനെയും ബന്ധിപ്പിക്കാൻ ശ്രമിച്ചിരുന്നെങ്കിലും.

തമിഴ്നാട്ടിൽ ഇത് സാധിച്ചുവെന്നതാണ് അവരുടെ രാഷ്ട്രീയബോധത്തിൽ ഭാഷാബോധം ഉൾച്ചേർന്നിരിക്കുന്നതിന്റെ അടിസ്ഥാനം. രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ അജണ്ടയിൽ ഭാഷാനയം കടന്നുവരേണ്ടതിന്റെയും അതില്ലാത്തിടങ്ങളിൽ സ്വന്തമായി ഭാഷാപ്രസ്ഥാനങ്ങൾ രൂപപ്പെടേണ്ടതിന്റെയും സാധ്യതകളിലേക്കാണിത് വിരൽ ചൂണ്ടുന്നത്.

1957-ലെ ഇ.എം.എസിന്റെ ആദ്യമന്ത്രിസഭ തന്നെ തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ വിജ്ഞാനകോശനിർമാണംവരെ ഉൾപ്പെടുത്തുകയും കോമാട്ടിൽ അച്യുതമേനോൻ കമ്മിറ്റിയെ ഭരണഭാഷ മാതൃഭാഷയാകുന്ന കാര്യം പഠിക്കാനായി നിയമിക്കുകയും ചെയ്തിരുന്നെങ്കിലും പിന്നീട് ഈ ശ്രമങ്ങൾക്ക് ശക്തി നഷ്ടപ്പെട്ടതായാണ് കാണുന്നത്. വ്യക്തിതലത്തിൽ ഭാഷയുടെ രാഷ്ട്രീയം ഉയർത്തിപ്പിടിച്ചവർക്കും ആ സമീപനം സ്വന്തം രാഷ്ട്രീയകക്ഷിയുടെ മുഖ്യപരിഗണനാവിഷയമാക്കി വേണ്ടത്ര വികസിപ്പിക്കാൻ കഴിഞ്ഞിട്ടില്ല എന്നാണിത് വ്യക്തമാകുന്നത്. സംസ്ഥാന താത്പര്യങ്ങളെ മുൻനിർത്തി പ്രവർത്തിക്കുന്ന തമിഴ്നാട്ടിലെ ദ്രാവിഡകക്ഷിയുടെ കേരളപ്പതിപ്പായി പറയാവുന്ന കേരളകോൺഗ്രസുപോലും കേരളത്തിലെ മാതൃഭാഷാപ്രശ്നത്തെ സംബോധന ചെയ്തിട്ടേ ഇല്ല. ഒരു രാഷ്ട്രീയപ്രസ്ഥാനം എന്ന നിലയിൽ കേരളത്തിൽ ഭാഷാപ്രശ്നം, അതും മുഖ്യമായി ഭരണഭാഷയുടെ പ്രശ്നം ഉയർത്തിപ്പിടിച്ചത് ലോനപ്പൻ നമ്പാടന്റെ സോഷ്യലിസ്റ്റ് കേരളകോൺഗ്രസ് മാത്രമാണ്. ഒറ്റപ്പെട്ട ചില പ്രവർത്തനങ്ങൾ ലോഹ്യയുടെ അനുയായികളായ സോഷ്യലിസ്റ്റുകളും നടത്തിയതായി കാണാം. ഫെഡറലിസത്തെ ഉയർത്തിപ്പിടിച്ച മത്തായി മാഞ്ഞൂരാനുൾപ്പെടെയുള്ളവർ നേതൃത്വം നൽകിയ കേരള സോഷ്യലിസ്റ്റ് പാർട്ടിക്കും ഫെഡറലിസം എന്ന രാഷ്ട്രീയ മുദ്രാവാക്യത്തെ മാതൃഭാഷാവകാശവുമായും അതിലൂന്നിയ വികസനവുമായും ബന്ധിപ്പിക്കാൻ കഴിഞ്ഞില്ല.

## ഭാഷാപ്രസ്ഥാനങ്ങളുടെയും സമരങ്ങളുടെയും അനിവാര്യത

എല്ലാ ഭരണകൂട രാഷ്ട്രീയനയങ്ങളുടെയും മാറ്റങ്ങൾ ചരിത്രത്തിൽ സംഭവിച്ചത് ജനകീയപ്രസ്ഥാനങ്ങളുടെ ഇടപെടലിലൂടെയാണ്. ഭാഷാനയത്തിന്റെ കാര്യവും ഇതിൽനിന്ന് വ്യത്യസ്തമല്ല. യൂറോപ്പിൽ ഭരണകൂടഭാഷയും

ഭൂരിപക്ഷം ജനതയുടെ ഭാഷയും തമ്മിൽ വൈരുദ്ധ്യമില്ലാത്തതിനാൽ അവിടെ മാതൃഭാഷയിലൂന്നിയ നയം മാറ്റുന്നതുമായി ബന്ധപ്പെട്ട് ആധുനിക കാലത്ത് ജനകീയപ്രസ്ഥാനങ്ങളുണ്ടായില്ല.

ദേശീയസമരത്തോടൊപ്പം ഭാഷാപ്രസ്ഥാനങ്ങളും വികസിച്ചുവന്നിടങ്ങളിലാണ് മാതൃഭാഷയ്ക്കു വേണ്ടിയുള്ള ബോധപൂർവമായ നയങ്ങളും രൂപപ്പെട്ടത്. ഗോവ പോർച്ചുഗീസ് പ്രദേശമായിരുന്നെങ്കിലും ബ്രിട്ടീഷ് വിരുദ്ധ ദേശീയസമരത്തിന്റെ ഊർജ്ജം ഗോവയിലും സാംസ്കാരിക ചലനങ്ങളുണ്ടാക്കിയിരുന്നു. 1942-ൽ അഖിലേന്ത്യാ കൊങ്കണി പരിഷത്ത് സ്ഥാപിക്കപ്പെട്ടതോടെയാണ് കൊങ്കണിയുടെ പുരോഗതിക്ക് വ്യക്തമായ പദ്ധതികളുണ്ടാകുന്നത്. പോർച്ചുഗലിൽനിന്ന് ഗോവ വിമോചിപ്പിക്കപ്പെട്ടതിനുശേഷം 1970-ൽ കൊങ്കണി ഗോവയിലെ ഔദ്യോഗികഭാഷയായിത്തീരുകയും ചെയ്തു. എവിടെവിടെ ഭാഷയ്ക്കുവേണ്ടിയുള്ള പ്രസ്ഥാനങ്ങൾ ശക്തിയാർജ്ജിക്കുന്നുവോ അവിടങ്ങളിൽ മാത്രമേ ഭാഷാപരമായ ജനാധിപത്യം രൂപപ്പെടുകയുള്ളൂ.

1960-കളിൽ അഖിലേന്ത്യാതലത്തിൽ ഭാഷാനയത്തിലുണ്ടായ മാറ്റത്തിൽ നിർണായകമായത് ഹിന്ദി അടിച്ചേല്പിക്കുന്നതിനെതിരെ തമിഴ്നാട്ടിൽ നടന്ന ഭാഷാസമരം തന്നെയാണെന്നു കാണാം. തമിഴ്നാട്ടിൽ നടന്ന ഭാഷാസമരങ്ങൾ ഇന്ത്യൻ ഭാഷകളെ കൂടുതൽ അംഗീകരിക്കാൻ ഭരണകൂടത്തെ നിർബന്ധിക്കുന്നതായിരുന്നു. ഹിന്ദി-തമിഴ് പ്രശ്നമായാണ് ബാഹ്യതലത്തിൽ അനുഭവപ്പെട്ടതെങ്കിലും അത് എല്ലാ ഇന്ത്യൻ ഭാഷകളുടെയും പ്രാധാന്യത്തെ ഉയർത്തിപ്പിടിക്കാൻ പ്രേരിപ്പിക്കുന്നതായിരുന്നു. സിവിൽ സർവീസുൾപ്പെടെ ഇന്ത്യൻ ഭരണഘടനയിലെ എട്ടാംപട്ടികയിൽപ്പെട്ട ഭാഷകളിലെഴുതാമെന്നു വരുന്നത് ഇതിനെത്തുടർന്നാണ്.

1964-66 കാലത്തെ കോത്താരി കമ്മിഷൻ ഉന്നത വിദ്യാഭ്യാസമുൾപ്പെടെ മാതൃഭാഷാ മാധ്യമത്തിലായിരിക്കണമെന്ന് നിർദ്ദേശിച്ചത് വലിയൊരു ഉത്തേജനമായിരുന്നു. ഈ നയവും അതിന്റെ പിന്തുടർച്ചയുമാണ് സർവകലാശാലാതലത്തിലുള്ള പാഠപുസ്തകങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കാനുള്ള സ്ഥാപനമെന്ന നിലയിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപനത്തിലെത്തിച്ചത്. 1968-ൽ രൂപീകരിച്ച കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടും അതിന്റെ ആദ്യ ഡയറക്ടറായ എൻ.വി.കൃഷ്ണവാരിയരുടെ വ്യക്തിപരമായ മുൻകയ്യുമാണ് 1968-1975 കാലത്ത് വിജ്ഞാനഭാഷയുടെയും ഭരണഭാഷയുടെയും കാര്യത്തിലുള്ള പല ഇടപെടലുകളുടെയും പിന്നിലെ ഊർജ്ജം.

1958-ലെ കോമാട്ടിൽ അച്യുതമേനോൻ കമ്മിറ്റിയുടെ ശുപാർശയ്ക്ക്

ജീവൻ വെക്കുന്നത് ആ ഘട്ടത്തിലാണ്. അതിനുശേഷമാണ് കേരളത്തിലെ ആദ്യത്തെ ഔദ്യോഗികഭാഷാനിയമം 1969-ൽ നിയമസഭ പാസ്സാക്കിയത് എന്നോർക്കുക.

ഭാഷാനയം കൂടുതൽ വിശാലവും ജനാധിപത്യപ്രക്രിയയുടെ ഭാഗവുമാണ്. അത് ഭാഷയ്ക്കകത്തെ കാര്യമല്ലാത്തതുകൊണ്ടാണ് ജനകീയ പ്രസ്ഥാനങ്ങൾ ഈ പ്രശ്നം ഉയർത്തിപ്പിടിക്കുന്നത്. ഭാഷാനയത്തെ സംബന്ധിച്ച ഭരണകൂട നിലപാടുകൾ തിരുത്തുക എന്ന രാഷ്ട്രീയമാണ് അവരുന്നയിക്കുന്നത്. ഭാഷയും ഭരണകൂട അധികാരവും തമ്മിലുള്ള ബന്ധത്തെ അഴിച്ചുപണിയലാണത്. തൊഴിലുൾപ്പെടെയുള്ള വിഭവങ്ങളുടെ മേലുള്ള ജനകീയ അധികാരവുമായി അത് ബന്ധപ്പെടുന്നു. മാതൃഭാഷയും വികസനവും തമ്മിലുള്ള നേർബന്ധം മലയാളത്തിന്റെ ഭാവിയിൽ കെ. സേതുരാമൻ വ്യക്തമാക്കിയിട്ടുണ്ടല്ലോ.

കേരളത്തിലെ പൊതുമണ്ഡലത്തിന്റെ പരിമിതി ശക്തമായ അത്തരം പ്രസ്ഥാനങ്ങളുടെ അഭാവമാണ്. കൊളോണിയൽ കാലം മുതൽ തുടർന്നു വരുന്നതും പുതുകോളനീകരണത്തോടെ ശക്തിപ്പെടുന്നതുമായ നിഷേധാത്മകമായ ഭാഷാനയത്തെ തിരുത്താനും സാമൂഹ്യജനാധിപത്യത്തിലേക്ക് ജനതയെ നയിക്കാനും അത്തരം പ്രസ്ഥാനങ്ങൾ അനിവാര്യമാണ്. കേരളരൂപീകരണത്തിനുശേഷം ഭാഷാപോഷണത്തിനുള്ള ജനകീയ ശ്രമങ്ങൾക്ക് ശക്തി നഷ്ടപ്പെടുകയാണുണ്ടായത്. 1957-ൽ രൂപീകരിച്ച ശാസ്ത്രസാഹിത്യ സമിതിയെ തുടർന്ന് 1962-ൽ രൂപീകരിച്ച ശാസ്ത്രസാഹിത്യപരിഷത്താണ് വലിയൊരളവോളം ശാസ്ത്ര വിജ്ഞാനം ജനങ്ങളിലെത്തിക്കുക എന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ വിജ്ഞാനഭാഷയായി മലയാളത്തെ വികസിപ്പിക്കുന്നതിൽ ഇടപെട്ടത്.

1990-ലെ ഒരു വിജ്ഞാനകൈരളി പതിപ്പിൽ ഇ.എം.എസുൾപ്പെടെ കക്ഷിരാഷ്ട്രീയവ്യത്യാസമില്ലാതെ അന്ന് കേരളത്തിലെ പൊതുമണ്ഡലത്തിലുണ്ടായിരുന്നവർ മാതൃഭാഷയ്ക്കുവേണ്ടി ഒരു ബഹുജനപ്രസ്ഥാനം രൂപീകരിക്കപ്പെടേണ്ടതിന്റെ അനിവാര്യത ചൂണ്ടിക്കാട്ടിയിരുന്നു. മേരി കരോൾ കോംബ്സും സൂസൻ പെൻഫീൽഡും അമേരിക്കയിലെ തദ്ദേശീയഭാഷാസംരക്ഷണത്തിന്റെ പശ്ചാത്തലത്തിലെഴുതിയ 'ഭാഷാസന്നദ്ധപ്രവർത്തനവും ഭാഷാനയവും' എന്ന ലേഖനത്തിൽ ഭാഷാനയ രൂപീകരണത്തിൽ പ്രസ്ഥാനപരമായ പ്രവർത്തനങ്ങൾക്കുള്ള പങ്ക് വളരെ വിശദമായി ചർച്ച ചെയ്യുന്നുണ്ട്. ഭാഷയ്ക്കുവേണ്ടിയുള്ള പ്രവർത്തനം പല രൂപത്തിൽ നിലനില്ക്കുന്നുണ്ടെന്നും അവ ഭാഷാനയത്തിൽ മാറ്റങ്ങളുണ്ടാക്കുകയും ചെയ്യുന്നുണ്ടെന്നും പറയുന്ന അവർ

ഭാഷാനയ ചർച്ചകളിൽ ഇത്തരം ഇടപെടലുകളെ പൊതുവെ അവഗണിക്കു കയാണ് ചെയ്യാറ് എന്നും നിരീക്ഷിക്കുന്നു.

## ഭാഷാശരീരപഠനത്തിൽനിന്ന് ഭാഷാനയത്തിലേക്ക് വികസിക്കേണ്ടതിന്റെ അനിവാര്യത

ഭാഷാശരീര ആസൂത്രണവും പദവി ആസൂത്രണവും ശേഷീവികസനത്തിനാ യുള്ള ആസൂത്രണവും ഭാഷനയസങ്കല്പവും ഒന്നിച്ചുപോകുന്നതാണ് ജോർജ്ജ് മാത്തൻ മുതൽ നാം കാണുന്നത്. നയപരമായ ആസൂത്രണസങ്കല്പം പിന്നീടാണ് മലയാളിക്ക് നഷ്ടപ്പെടുന്നത്. കേവല അക്കാദമിക പാണ്ഡിത്യം മാത്രമായി ഭാഷാശാസ്ത്രപഠനം മാറിയ ഘട്ടത്തിലാണ് ഈ ശോഷണം സംഭവിക്കുന്നത്. അതിനാൽ മുൻകാല ഭാഷാചിന്തകർ ഏറ്റെടുത്ത സമരോ ത്സുകമായ ഭാഷാപ്രവർത്തനങ്ങൾ ഒരിക്കലും ക്ലാസ് മുറികളിൽ ചർച്ചയായില്ല. വിവരണാത്മകവും പൂർത്തീകരിക്കപ്പെട്ട ഒരു പ്രക്രിയയുമായാണ് ഭാഷയെ പിൽക്കാലത്ത് നോക്കിക്കണ്ടത്.

ഭാഷാനയം ഭരണകൂടത്തിന്റെ സുതാര്യതയെ സംബോധന ചെയ്യുന്നു. കോടതിഭാഷയും തൊഴിൽ പരീക്ഷയെ സംബന്ധിച്ച കാഴ്ചപ്പാടുമെല്ലാം ജനകീയ രാഷ്ട്രീയ സങ്കല്പത്തിൽനിന്ന് ഉയർന്നുവരുന്നതാണ്. മറ്റു സാമൂ ഹ്യ-രാഷ്ട്രീയകാര്യങ്ങളിൽ ഒരാളെടുക്കുന്ന പിന്തിരിപ്പനോ പുരോഗമനപരമോ ആയ നിലപാടാണ് ഭാഷാശാസ്ത്രജ്ഞാനമല്ല ഇതിൽ പ്രതിഫലിക്കുക. അതിനാൽ പണ്ഡിതോചിതമായ ഭാഷാചർച്ചകൊണ്ട് പരിഹരിക്കാവുന്ന തർക്കവുമല്ല ഭാഷാനയത്തെ സംബന്ധിച്ചുള്ളത്. അത് ഭാഷാശാസ്ത്രജ്ഞർക്ക് വ്യാഖ്യാനിച്ച് ഇല്ലാതാക്കാൻ കഴിയുന്നതല്ല. വ്യാകരണമോ ഭാഷാവിജ്ഞാ നമോ ആധുനിക ഭാഷാശാസ്ത്രമോ പഠിക്കുന്നതിനിടയിൽ മലയാളത്തിൽ ഭാഷയുടെ അടിസ്ഥാന രാഷ്ട്രീയം ഒരിക്കലും അക്കാദമിക മേഖലയിൽ വിഷ യമായിട്ടില്ലെന്നോർക്കുക. പാശ്ചാത്യ അക്കാദമിക മേഖലയിലും ആധുനിക ഭാഷാശാസ്ത്രംതന്നെ മുന്നോട്ടുവെച്ച ഭാഷാചായ്‌വ് എന്ന സങ്കല്പത്തിന്റെ രാഷ്ട്രീ യധ്വനികൾ മുന്നോട്ടുകൊണ്ടുപോയത് ഭാഷാശാസ്ത്രത്തിന് പുറത്തുള്ളവരാണ്. പ്രയുക്തഭാഷാശാസ്ത്രത്തിന്റെ ഭാഗമായി വികസിച്ചു വന്ന ഭാഷാസൂത്രണം എന്ന സങ്കല്പം ഭാഷാനയമായി വികസിക്കുകയാണ് ഇനി അക്കാദമിക മേഖലയിലും സംഭവിക്കേണ്ട മാറ്റം. ഇടപെടൽകൊണ്ടു മാത്രമേ ഇത് സംഭ വിക്കുകയുമുള്ളൂ.

ആധുനികഭാഷാശാസ്ത്രം കേവലം പാശ്ചാത്യരീതിയിൽ നമ്മുടെ സർവക ലാശാലകളിൽ പഠിപ്പിക്കാൻ തുടങ്ങിയപ്പോഴാണ് ഭാഷാശാസ്ത്രപഠനം വെറും

ഭാഷാശരീരപഠനമായി ചുരുങ്ങിപ്പോയതെന്നു സംശയിക്കേണ്ടിയിരിക്കുന്നു. കേരളത്തിലെ ഭാഷാശാസ്ത്രപണ്ഡിതരിൽ ചുരുക്കം പേർക്കേ ഭാഷാനയപരമായ നിലപാടു തന്നെയുള്ളൂ. ഭാഷാനയം എന്നത് ഭാഷാശരീരശാസ്ത്രത്തിന് പുറത്തുള്ളതായതിനാൽ അത് ഭാഷാശാസ്ത്രജ്ഞരുടെ ജോലി അല്ല എന്നു കരുതുന്നവരാണ് പലരും. ഈ പാരമ്പര്യത്തിൽ വളരുന്ന മറ്റു ചിലരാകട്ടെ ഭാഷാസൂത്രണവും ഭാഷനയവും ഭാഷാപ്രസ്ഥാനങ്ങളും പോലും ഭാഷാശാസ്ത്രത്തിന്റെ 'അക്കാദമിക വിശുദ്ധി'ക്കു പുറത്തുള്ള രാഷ്ട്രീയ പരിപാടിയാണെന്ന് ധരിക്കുകയും ചെയ്യുന്നു.

ഇത്തരം വിശുദ്ധിവാദങ്ങൾ പടിഞ്ഞാറൻ നാടുകളിൽതന്നെ പിന്തള്ളപ്പെട്ടിരിക്കുന്നു. കറുത്ത ഭാഷാശാസ്ത്രമെന്നും പ്രതിരോധഭാഷാശാസ്ത്രമെന്നും മൂന്നാംലോക പരിസരത്തു വിളിക്കപ്പെട്ടിരുന്ന ഭാഷാപ്രവർത്തനം ഇപ്പോൾ പടിഞ്ഞാറൻ സർവകലാശാലകളും ഏറ്റെടുത്തിരിക്കുന്നു. ഭാഷാസൂത്രണവും ഭാഷാനയവും മാത്രമല്ല, ഭാഷയ്ക്കു വേണ്ടിയുള്ള സന്നദ്ധപ്രവർത്തനംതന്നെ അവിടെ തദ്ദേശീയ ഭാഷാസംരക്ഷണത്തിന്റെ പശ്ചാത്തലത്തിൽ പാഠ്യപദ്ധതിയിലേക്ക് കടന്നുവന്നിരിക്കുന്നു (Combs: 468). മാർഗരറ്റ് ഫ്ലോറിയും സൂസൻപെൻഫീൽഡും ചേർന്ന് കാലിഫോർണിയയിലെ സാന്റ ബർബറ സർവകലാശാലയിലെ ദ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫീൽഡ് ലിംഗ്വിസ്റ്റിക്സ് ആന്റ് ലാംഗ്വേജ് ഡോക്യുമെന്റേഷൻ എന്ന വകുപ്പിൽ ഈ നിലയിലുള്ള ഒരു പരിശീലന കോഴ്സ് 2008-ൽ ആരംഭിച്ചിരുന്നു. 2010-ൽ ഓറെഗൺ സർവകലാശാലയിൽ വീണ്ടും ഇത്തരം പരിശീലനം ആരംഭിച്ചു. ഇത്തവണ കളത്തിലറങ്ങി പ്രവർത്തിക്കുന്നവർ കൂടി അതിൽ പങ്കാളികളായി. 2009-ൽ ഭാഷയ്ക്കു വേണ്ടിയുള്ള സന്നദ്ധപ്രവർത്തനം തന്നെ അരിസോണയിലെ അമേരിന്ത്യൻ ഭാഷാവികസന ഇൻസ്റ്റിറ്റ്യൂട്ടിൽ മേരി കരോൾ കോംബ്സ് ആദ്യമായി ഒരു കോഴ്സായി പഠിപ്പിച്ചു.

ഭാഷാസംരക്ഷണ പ്രവർത്തനത്തെയും ഭാഷാശാക്തീകരണ പ്രവർത്തനത്തെയും അതിന്റെ വിശാലമായ രാഷ്ട്രീയവും പ്രത്യയശാസ്ത്രപരവുമായ പശ്ചാത്തലത്തിലാണ് അവർ പാഠ്യപദ്ധതിയിൽ സ്ഥാപിച്ചത്. സ്ഥൂലവും സൂക്ഷ്മവുമായ തലങ്ങളിൽ ഭാഷയ്ക്കുമേൽ നടക്കുന്ന അക്രമങ്ങൾ അതിൽ ചർച്ച ചെയ്യുന്നു. ഈ കോഴ്സിലുള്ള വിദ്യാർത്ഥികൾ ആക്റ്റിവിസത്തെ സൈദ്ധാന്തിക നിർമിതിയായും പ്രതിബദ്ധമായ പ്രയോഗമായും കാണുന്നു എന്ന് കോംബ്സ് വ്യക്തമാക്കുന്നുണ്ട്. അവർ സന്നദ്ധ പ്രവർത്തനത്തെ പാശ്ചാത്യ മാതൃകയായി മാത്രമല്ല തദ്ദേശീയ പശ്ചാത്തലത്തിലുള്ള ധാർമികവും രാഷ്ട്രീയവുമായ

സങ്കല്പമായും കണ്ട് വിശകലനം ചെയ്യുന്നു. അവർ കോളനീകരണത്തെയും അതുവഴിയുള്ള സ്വാംശീകരണത്തെയും വെല്ലുവിളിക്കുന്നു. ഭാഷയ്ക്കു വേണ്ടി സന്നദ്ധപ്രവർത്തനം നടത്തുക എന്നത് നിർണായക പ്രാധാന്യമുള്ളതാണെന്ന് അവർ തിരിച്ചറിയുന്നു. അതിൽ പങ്കാളിയായ ഒരു വിദ്യാർത്ഥിയുടെ അഭിപ്രായം കോംബ്സും പെൻഫീൽഡും രേഖപ്പെടുത്തുന്നുണ്ട്: 'ഭാഷാനഷ്ടത്തെക്കുറിച്ച് എന്റെ സമൂഹത്തിലെ അംഗങ്ങളുമായി ഞാൻ സംസാരിച്ചു. ഇതിനെ പ്രതിരോധിക്കാനുള്ള പ്രവർത്തനം അനിവാര്യമാണ് എന്നും അത് ഏതു തരത്തിലുള്ളതായിരിക്കണം എന്നും അവർ ഇതിലൂടെ മനസ്സിലാക്കും എന്നു ഞാൻ പ്രതീക്ഷിക്കുന്നു. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇത് ആക്റ്റിവിസമല്ല, അതിജീവനം തന്നെയാണ്' (Combs: 468).

കേരളത്തിലെ ഭാഷാശാസ്ത്രപഠനത്തെ ഭാഷാശരീരപഠനത്തിൽനിന്ന് ഭാഷാനയത്തിലേക്ക് വികസിപ്പിക്കേണ്ടിയിരിക്കുന്നു. ഭാഷാപദവിയും ഭാഷാശേഷീവികസനവും എല്ലാം ഉൾക്കൊള്ളുന്ന ഭാഷാനയചർച്ചയായി അതിനെ വികസിപ്പിക്കേണ്ടിയിരിക്കുന്നു. ജോർജ്ജ് മാത്തൻ മുതൽ എ.ആർ രാജരാജവർമ്മയും സഹോദരൻ അയ്യപ്പനും വരെയുള്ളവരുടെ ഭാഷാസമീപനത്തിന്റെ ജൈവികമായ തുടർച്ച വീണ്ടെടുക്കലാണത്. മലയാളത്തിലാരംഭിച്ച് ആദിവാസി-ഗോത്രഭാഷകളിലേക്കും ന്യൂനപക്ഷഭാഷകളിലേക്കും വ്യാപിക്കേണ്ടതുമാണ് ഈ പ്രവർത്തനം. കാരണം സംസ്ഥാനരൂപീകരണത്തിന്റെ യുക്തിയായ മലയാളത്തെ തന്നെ കയ്യൊഴിഞ്ഞാൽ മറ്റു മാതൃഭാഷകളും അവഗണിക്കപ്പെടും.

ഭാഷാശരീരത്തിന്റെ ആസൂത്രണംപോലും എപ്പോഴും ഭാഷാനയത്തിൽനിന്ന് സ്വതന്ത്രമായ ഒരു അരാഷ്ട്രീയ പ്രക്രിയയാണോ? ഭാഷാസൂത്രണത്തിന്റെ മേഖലയിൽ പുതിയ ജനാധിപത്യ സങ്കല്പങ്ങളുമായി ബന്ധപ്പെട്ട മറ്റു ചില പ്രശ്നങ്ങളും ഉയർന്നു വന്നിട്ടുണ്ട്. ഇന്ന് സ്ത്രീവാദത്തിന്റെയും കറുത്തവരുടെ രാഷ്ട്രീയത്തന്റെയും ട്രാൻസ് ജൻഡറുൾപ്പെടെയുള്ള ലിംഗപദവി ബന്ധത്തിന്റെയും അടിസ്ഥാനത്തിൽ യൂറോപ്പിലെ തന്നെ എല്ലാ ഭാഷകളിലും പദമേഖലയിൽ അഴിച്ചു പണികൾ നടക്കുന്നുണ്ട്. ചെയർമാൻ എന്ന വാക്ക് ചെയർപേഴ്സനായതുപോലെ. കരിങ്കാലി എന്ന പ്രയോഗം കറുത്തവരെ മോശക്കാരായി കാണുന്നു എന്ന് വ്യക്തമാവുന്നതുപോലെ. ഇന്ത്യൻ ഭാഷകളിലാണെങ്കിൽ സവർണാധിപത്യത്തിന്റെ മുദ്രകൾ വഹിക്കുന്ന പദങ്ങളെ പിന്തള്ളേണ്ട കാര്യവുമുണ്ട്. ലിംഗ-വർണസമത്വത്തിനു വേണ്ടിയുയരുന്ന ഈ മേഖലയിലെ വാദവും ജനകീയപ്രസ്ഥാനങ്ങളാണ് ഉയർത്തിക്കൊണ്ടു

വന്നിട്ടുള്ളത്. പദസഞ്ചയവുമായും പ്രയോഗങ്ങളുമായും ബന്ധപ്പെട്ട ഈ മേഖല ഭാഷാശാസ്ത്രജ്ഞർക്കും ഭാഷാപണ്ഡിതർക്കും ഇടപെടാവുന്നതാണ്. എന്നാൽ തമ്പുരാൻ വിളിയും അടിസ്ഥാനജനവിഭാഗങ്ങളെ ചെക്കൻ, പെണ്ണ് എന്നുൾപ്പെടെ വിളിക്കുന്നതും ഇല്ലാതായത് ഭാഷാപണ്ഡിതരുടെ ഭാഷാസൂത്രണ പ്രക്രിയകൊണ്ടല്ല, പകരം കാർഷികമേഖലയിൽ വന്ന വമ്പിച്ച ജന്മിത്തവിരുദ്ധപ്രക്ഷോഭങ്ങളുടെ ഭാഗമാണെന്ന് നാം ഓർക്കേണ്ടതുണ്ട്. മനുഷ്യാവകാശങ്ങൾക്കുവേണ്ടി നടക്കുന്ന സമരങ്ങൾ മനുഷ്യബന്ധങ്ങളെ അഴിച്ചു പണിയുമ്പോഴാണ് സംബോധനകളും ഭാഷാപരമായി അഴിച്ചു പണിയപ്പെടുന്നത്. കഴിഞ്ഞ സമരങ്ങൾക്കെന്നതുപോലെ വരാനിരിക്കുന്ന സമരങ്ങൾക്കും അത് ബാധകമാണ്.

ഭാഷയും സാമ്പത്തിക വികാസവും തമ്മിലുള്ള ബന്ധം, ഭാഷയും പരിസ്ഥിതിയും തമ്മിലുള്ള ബന്ധം എന്നിവയെല്ലാം ഇന്ന് വ്യക്തമായിരിക്കുന്നു. അടിസ്ഥാന ജനവിഭാഗത്തിന്റെ രാഷ്ട്രീയ പങ്കാളിത്തവുമായിക്കൂടി അത് ബന്ധപ്പെട്ടിരിക്കുന്നു. ഭാഷാസൂത്രണം എന്ന സങ്കല്പത്തെ ഭാഷാനയത്തിലേക്ക് വികസിപ്പിക്കുകയാണ് അക്കാദമികമേഖലയിൽ സംഭവിക്കേണ്ട മാറ്റം. എങ്കിലേ ഭാഷയും ജനതയും തമ്മിലുള്ള ബന്ധത്തെ ആഴത്തിൽ സംബോധന ചെയ്യാനാവുകയുള്ളൂ. കോളനിയനന്തര സമൂഹങ്ങളിൽ അടിയന്തിര പ്രാധാന്യമുള്ളതാണ് ഈ പ്രശ്നം. ഭാഷാസൂത്രണത്തിന്റെ ഘടകങ്ങളായ നിഘണ്ടു നിർമാണം, മാനകീകരണം, വിജ്ഞാനകോശ നിർമാണം എന്നിവയെയെല്ലാം ഭാഷാനയത്തിന്റെ അടിസ്ഥാനത്തിൽ വിശാലമായി കാണാനും അത് സമൂഹനിർമിതിയുമായി ബന്ധപ്പെട്ട അടിസ്ഥാനപരമായ ഒരു ജോലിയാണ് എന്ന് തിരിച്ചറിയുകയുമാണ് വേണ്ടത്. അതുവരെ സായ്പിനെ അനുകരിച്ച് നടന്നിരുന്ന ഇംഗ്ലീഷ് പഠനവിഭാഗങ്ങൾ കോളനിയനന്തരവാദത്തിന്റെ സ്വാംശീകരണത്തോടെ എങ്ങനെ വിപ്ലവാത്മകമായ പരിവർത്തനത്തിന് വിധേയമായി എന്ന് മീനാക്ഷി മുഖർജി കോളനിയനന്തരവാദത്തെ ചോദ്യം ചെയ്യൽ എന്ന കൃതിയിൽ പറയുന്നുണ്ട്. അത്തരത്തിൽ ഭാഷാനയത്തെ സംബന്ധിച്ച കാഴ്ചപ്പാടുകളുടെ അടിസ്ഥാനത്തിലുള്ള ഉൾപരിവർത്തനം ഭാഷാശാസ്ത്രപഠനത്തിലും നടക്കേണ്ടതുണ്ട്. പാരമ്പര്യ ഭാഷാശാസ്ത്രത്തിന്റെ ഇത്തിരിവട്ടത്തിലിരുന്ന് ഭാഷാവകാശങ്ങളിലൂന്നിയ സമഗ്രമായ ജനകീയ പ്രതിരോധത്തെ അളക്കാൻ ശ്രമിക്കുകയല്ല; ചുറ്റുമുള്ള ജനതയുടെ അടിസ്ഥാനപരമായ ഭാഷാവകാശങ്ങളോടൊപ്പം മാനസികമായി വികസിക്കുകയാണ് ഭാഷാശാസ്ത്രപഠിതാക്കൾ ചെയ്യേണ്ടത്.

ലിംഗപരമായ സംവേദനക്ഷമത, പാരിസ്ഥിതിക സംവേദനക്ഷമത എന്നിവപോലെത്തന്നെ ഭാഷാപരമായ സംവേദനക്ഷമതകൂടി കേരളത്തിന്റെ വൈജ്ഞാനികമേഖലയിലും പൊതുമണ്ഡലത്തിലും സ്ഥാപിക്കാൻ മലയാളപഠിതാക്കൾക്ക് ഉത്തരവാദിത്തമുണ്ട്. അവയെ അന്തർവൈജ്ഞാനികരീതിയിൽ വികസിപ്പിക്കേണ്ട ഉത്തരവാദിത്തം മറ്റു വിജ്ഞാനമേഖലകൾ കൈകാര്യം ചെയ്യുന്നവർക്കുമുണ്ട്. എന്നാൽ നേരെ വിരുദ്ധമായ പ്രവണതയാണ് കേരളത്തിലെ അക്കാദമിക മേഖലയിൽ കാണുന്നത്. ഭാഷയ്ക്കായി സർക്കാർ ഫണ്ട് സ്വീകരിച്ചു നടത്തുന്ന സെമിനാറുകളിൽപോലും ഭാഷാജനാധിപത്യത്തെ ചോദ്യം ചെയ്യുന്ന പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെടുന്നത് ഒരുപക്ഷേ, കേരളത്തിൽ മാത്രമായിരിക്കും. സ്ത്രീപക്ഷ, പരിസ്ഥിതി, ദളിത് സെമിനാറുകളിലൊന്നും കാണാത്ത മട്ടിൽ അടിസ്ഥാന ജനാധിപത്യലക്ഷ്യത്തെത്തന്നെ ചോദ്യം ചെയ്യുന്ന നിലപാടുകൾ പലയിടത്തും ആധിപത്യം നേടുന്നു. മനോഭാവമാണ് ഇവിടത്തെ പ്രശ്നം യുക്തിയോ പാണ്ഡിത്യമോ അല്ല. കൊളോണിയൽ കാലത്തെ മനോഭാവത്തിൽ കെട്ടിപ്പൊക്കുന്ന യുക്തിയും പാണ്ഡിത്യവും അതേ മനോഭാവത്തെ മാത്രമേ പുനരുല്പാദിപ്പിക്കുകയുള്ളൂ.

### ഭാഷാനയം പാഠ്യപദ്ധതിയിലേക്ക്

ഭാഷാനയത്തെ സംബന്ധിച്ച കേരളത്തിലെ ഔദ്യോഗിക ഭാഷയേതാണെന്നോ ഔദ്യോഗിക ഭാഷാ നിയമമെന്താണെന്നോ അറിയാതെയാണ് ഒരു കാലത്ത് മലയാളം എം.എ.യും ഭാഷാശാസ്ത്രം എം.എ.യും കേരളത്തിൽ കുട്ടികൾ പാസ്സായി പോയത്. ഫുക്കോയും ദറീദയും ലക്കാനും എല്ലാം പഠിച്ചിട്ടും നമ്മുടെ ഭാഷയുടെ ഔദ്യോഗികകപദവി പോലും ചർച്ച ചെയ്യപ്പെട്ടില്ല എന്നത് നമ്മുടെ മുൻഗണനകളെ സംബന്ധിച്ച ചില കോട്ടങ്ങൾ എടുത്തു കാട്ടുന്നുമുണ്ട്. ഭാഷയ്ക്കു വേണ്ടിയുള്ള പ്രവർത്തനങ്ങൾ കൂടി പാശ്ചാത്യസമൂഹങ്ങളിൽ ഭാഷാസൂത്രണത്തിന്റെ ഭാഗമായി പഠിപ്പിക്കുന്നത് സൂചിപ്പിച്ചല്ലോ. തദ്ദേശീയഭാഷാസംരക്ഷണത്തിനായാണ് അവർ അത്തരം ഒരു കോഴ്സ് വിഭാവന ചെയ്തത്. ഭാഷാസംരക്ഷണ പ്രവർത്തനത്തിനുള്ള പരിശീലനം കൂടി അതിന്റെ സിലബസിന്റെ ഭാഗമാണ്. കോളനിയനന്തരഭാഷാശാസ്ത്രപഠനത്തിന് ഈ നിലയിൽ ഇന്ത്യയിലും കേരളത്തിലും വികസിക്കാൻ കഴിയേണ്ടതുണ്ട്. നിലവിലിരിക്കുന്ന ഭാഷയുടെ അവസ്ഥ, കർതൃത്വരഹിതമായും നിർമമമായും പഠിപ്പിക്കുന്നതിനു പകരം ഭാഷയെ ഒരു പ്രവർത്തനം കൂടിയായി വിശദീകരിക്കാൻ കഴിയേണ്ടതുണ്ട്.

മലയാള ഭാഷയുടെ ആധുനികീകരണം എന്ന പേപ്പർ 2012 -ൽ കാലടി

സംസ്കൃത സർവകലാശാലയിലെ എം.എ മലയാളം സിലബസിലെത്തിയപ്പോഴാണ് ഇതിന് ആദ്യമായി മാറ്റമുണ്ടാകുന്നത്. ജോർജ്ജ് മാത്തന്റെ ബാലാഭ്യസനം, മക്തിതങ്ങൾ, ഫ്രോൺ മേയർ, സഹോദരൻ അയ്യപ്പൻ തുടങ്ങിയവരുടെ ഭാഷാ കാഴ്ചപ്പാടുകൾ ഉൾപ്പെടെ ഉൾക്കൊണ്ട പാഠ്യപദ്ധതിയിൽ ഭരണഭാഷ, കോടതി ഭാഷ, ഭാഷാസാങ്കേതികത, പഠനമാധ്യമം, ഭാഷയും സാമ്പത്തിക രാഷ്ട്രീയവികാസവും തമ്മിലുള്ള ബന്ധം എന്നിവയെല്ലാം ചർച്ചാവിഷയമായി. ഭാഷാപുരോഗതിക്കു വേണ്ടി നിലകൊള്ളുന്ന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഇവയുടെ ലക്ഷ്യങ്ങളും അതിൽ ചർച്ച ചെയ്യപ്പെട്ടു. ഭാഷാശാസ്ത്ര പഠനത്തിന്റെ ഭാഗമായല്ല ഈ പേപ്പർ വന്നത് എന്നതു കൂടി ശ്രദ്ധിക്കേണ്ടതാണ്. നിരവധി എം.എ. പ്രബന്ധങ്ങൾ ഈ വിഷയങ്ങളെ മുൻനിർത്തി വന്നു. പല വിദ്യാർത്ഥികളും ഈ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പിഎച്ച്.ഡി തലത്തിൽ സ്വീകരിക്കുകയും ചെയ്തു. തുടർന്ന് എം.ജി. സർവകലാശാലയിലും തത്തുല്യമായ ഒരു പേപ്പർ വന്നു. മലയാള സർവകലാശാലയിൽ 'മലയാളത്തിന്റെ വിജ്ഞാനപദവി' എന്ന പേരിലുള്ള ഒരു പേപ്പർ എല്ലാ വിദ്യാർത്ഥികൾക്കുമായി പഠിക്കാൻ വന്നതും ഇതിനെത്തുടർന്നാണ്.

ഭാഷയ്ക്കു വേണ്ടി ഇറങ്ങി പ്രവർത്തിക്കേണ്ട ആവശ്യകതയെക്കുറിച്ച് അക്കാദമികതലത്തിൽ തന്നെ ചർച്ച ചെയ്യുന്ന മേരി കോംബ്സിന്റെയും സൂസൻ പെൻഫീൽഡിന്റെയും വാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ട് ഈ ലേഖനം അവസാനിപ്പിക്കാം: 'ഭാഷാവകാശത്തിൽനിന്ന് ഭാഷാനയത്തിലേക്കുള്ള പാത വിരിച്ചിരിക്കുന്നത് ഭാഷയ്ക്കുവേണ്ടിയുള്ള സന്നദ്ധപ്രവർത്തനത്തിലൂടെയാണ്. ഈ വഴി പക്ഷേ നിയമമേഖലയിലും അവകാശ, ഉത്തരവാദിത്ത ചർച്ചകളിലും രാഷ്ട്രീയത്തിലും വളരെ കുറച്ചേ തിരിച്ചറിയപ്പെട്ടിട്ടുള്ളൂ. ഭാഷാപ്രവർത്തനം ഒച്ചപ്പാടുകൾ നിറഞ്ഞതാവണം എന്ന ഗിൽറ്റിന്റെ വാദത്തെ ഞങ്ങൾ പിന്തുണയ്ക്കുന്നു. കാരണം അത്തരം ഒച്ചപ്പാടുകളില്ലെങ്കിൽ പുരോഗതിയുമില്ല. ഒച്ചപ്പാടുണ്ടാക്കുന്ന ഭാഷാപ്രവർത്തനംകൊണ്ട് എന്ത് റിസ്കാണ് ഭാഷാപ്രവർത്തക ഏറ്റെടുക്കുന്നത്? ഏതെല്ലാം മേഖലകളിലാണ് ഭാഷാപ്രവർത്തനം ഏറ്റവും ഫലപ്രദമാകുക? ഭാഷാപ്രവർത്തനത്തിൽ മാധ്യമങ്ങളുടെ പങ്കെന്താണ്? അധീശഭാഷയ്ക്കു മുമ്പിൽ ഒരു ന്യൂനഭാഷ അനുഭവിക്കുന്ന പ്രശ്നങ്ങൾ എടുത്തുകാട്ടുന്നതിൽ പ്രഭാഷകരുടെയും ഭാഷാശാസ്ത്രജ്ഞരുടെയും വിദ്യാഭ്യാസ പ്രവർത്തകരുടെയും പങ്കെന്താണ്?...വായനക്കാരിൽനിന്ന് പങ്കാളിത്തം ഞങ്ങൾ ആവശ്യപ്പെടുന്നു. ഭാഷാപ്രശ്നങ്ങളോടുള്ള നമ്മുടെ

നിസ്സംഗമായ മനോഭാവം മാറ്റാനും ഭാഷാരാഷ്ട്രീയത്തിൽ നിർമാണാത്മകവും സ്വാധീനശക്തിയുമുള്ള മട്ടിലുള്ള സന്നദ്ധപ്രവർത്തനത്തിലേർപ്പെടാൻ തയ്യാറാകാനും നിങ്ങളെ ക്ഷണിക്കുന്നു'.

## അനുബന്ധം 1

### കുറിപ്പുകൾ

1. "Without the disrupters, campaigners and ideological pests, all noble words amount to nothing but blackboard dust"- Todd Gitlin- Letter to a Young Activist-2003

2. "The activity of preparing a normative orthography, grammar, and dictionary for the guidance of writers and speakers in a homogenous speech community"

3. ഇവർ എടുത്തുകാട്ടിയ പ്രമുഖ മുൻകാല പഠനങ്ങൾ ഇവയാണ്: അയ്മെ സിസയറിന്റെ കൊളോണിയലിസത്തെക്കുറിച്ചുള്ള വ്യവഹാരം (Aime Cesaire- Discourse on Colonialism ഫ്രഞ്ച് 1950), പിയറി ദുമോങിന്റെ കറുത്ത ആഫ്രിക്കക്ക് ഇപ്പോഴും ഫ്രഞ്ച് സംസാരിക്കാൻ കഴിയുമോ? (Pierre Dumont- Can Black Africa Still Speak French? ഫ്രഞ്ച് 1986), ചിനുവ അച്ചബെയുടെ ഇനിയും സൃഷ്ടിദിനത്തിന്റെ പ്രഭാതം (Chinua Achebe- Morning Yet on Creation Day 1975), നൈജീരിയൻ ഭാഷാശാസ്ത്രജ്ഞനായ അയോ ബാംഗ്ബോസിന്റെ ഭാഷയും ദേശവും (Ayo Bamgbose Language and Nation: The Language Question in Subsaharan Africa 1976), ഭാഷയും പുറന്തള്ളലും (Language and Exclusion : The Consequence of Language Policies in Africa 2000), ഫ്രാന്റ്സ് ഫാനന്റെ കറുത്തതൊലി, വെളുത്ത മുഖംമൂടി (Black Skin, White Masks, ഫ്രഞ്ച് 1952), ലൂയി ജീൻ കാൽവെറ്റിന്റെ ഭാഷാശാസ്ത്രവും കോളനീകരണവും : ഭാഷാസ്വാംശീകരണത്തെക്കുറിച്ച് ഒരു ലഘു പ്രബന്ധം (Linguistics and Colonialism- A Small Treatise on Glottophagy ഫ്രഞ്ച് 1974), ഭാഷ, ശരീരം, സമൂഹം (Language, Body, Society), ഭാഷായുദ്ധങ്ങളും ഭാഷാശാസ്ത്രരാഷ്ട്രീയവും (Language Wars and Linguistic Politics 1987) വിൽഫ്രഡ് എച്ച് വൈറ്റ്ലിയുടെ സ്വതന്ത്ര്യം നേടിയ ആഫ്രിക്കൻ രാജ്യങ്ങളുടെ ഭാഷാനയങ്ങൾ എന്ന ലേഖനം (Language Policies of Independant African States', 1971), ജോൺ സ്പെൻസർ എഡിറ്റു ചെയ്ത പശ്ചിമാഫ്രിക്കയിലെ ഇംഗ്ലീഷ് ഭാഷ (The English Language in West Africa, 1971), കോളനീകരണപമായ ഭാഷാനയങ്ങളുടെ അവയുടെ പൈതൃകവും(Colonial Language Policies and their Legacies', 1971) എന്ന അദ്ദേഹത്തിന്റെ തന്നെ ലേഖനം, എൻഗൂഗി വാ തിങോംഗോവിന്റെ മനസിന്റെ അപകോളനീകരണം. ഇന്ത്യൻ സ്വാതന്ത്ര്യസമരകാലത്തെ പല നേതാക്കളുടെയും ചിന്തകരുടെയും പേരും ഇതിൽ കൂട്ടിച്ചേർക്കേണ്ടതാണ്. ഒരു തരത്തിൽ

പറഞ്ഞാൽ മേൽസൂചിപ്പിച്ച പല ചിന്തകരെക്കാളും മുമ്പ് ഈ പ്രശ്നം ഇന്ത്യൻ ദേശീയ പ്രസ്ഥാന കാലത്ത് ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്.

4. ഭാഷാനയത്തെക്കുറിച്ചുള്ള കാംബ്രിജ് കൈപ്പുസ്തകത്തിൽ കോളനീകരണത്തെയും മൂന്നാംലോകഭാഷാപ്രശ്നങ്ങളെയും ഭാഷാപ്രവർത്തനത്തെയും സംബോധന ചെയ്യുന്ന പ്രധാന ലേഖനങ്ങൾ ഇവയാണ്: Robert Phillipson- `Imperialism and Colonialism', Mary Carol Combs and Susan Penfield- `Language Activism and Language Policy', Jospeh Lo Bianco- `National Language revival movements : reflections from India, Israel, Indonesia and Ireland', Sinfree Makoni, Busi Makoni, Ashraf Abdelhay and Pedzisai Mashiri- `Colonial and Postcolonial Language Policies in Africa: Historical and emerging landscapes', Richard B Baldauf Jr and Hoa Thi Mai Niguyen- `Language Policy in Asia and the Pacific'.

5. കറുത്ത ഭാഷാശാസ്ത്രം, പ്രതിരോധഭാഷാശാസ്ത്രം എന്നീ സങ്കല്പനങ്ങളുടെ വിശദീകരണത്തിന് നോക്കുക: ഭാഷയും മൂന്നാംലോകവും എന്ന ലേഖനം, മാതൃഭാഷയ്ക്കു വേണ്ടിയുള്ള സമരം, പി.പവിത്രൻ.

6. സഞ്ജയ് ശ്രീവാസ്തവയുടെ കോളനിയനന്തര ഇന്ത്യയെ നിർമിക്കൽ: ദേശീയസ്വഭാവും ഡൂൺ സ്കൂളും എന്ന പുസ്തകം നോക്കുക.

7. ടോവ് സ്കൂട്ട്നാബ്-കാംഗാസ് എഴുതിയ 'ഭാഷാസൂത്രണവും ഭാഷാവകാശങ്ങളും' എന്ന ലേഖനം നോക്കുക.

8. കെ.ആർ.സജിതയുടെ നവോത്ഥാനത്തിന്റെ മലയാളം എന്ന പുസ്തകം നോക്കുക.

## സംസ്കൃത സർവകലാശാലയിലെ മലയാളഭാഷയുടെ ആധുനികീകരണം എന്ന കോഴ്സിന്റെ സിലബസ്

നവോത്ഥാനകാലം മുതൽ സാങ്കേതികവും വൈജ്ഞാനികവും വിദ്യാഭ്യാസപരവും രാഷ്ട്രീയവുമായ തലങ്ങളിൽ മലയാള ഭാഷ നേടുന്ന വളർച്ച പരിചയപ്പെടുത്തുന്നതാണ് ഈ പേപ്പർ.

യൂണിറ്റ്: 1 നവോത്ഥാനവും മലയാളഭാഷാവബോധവും

മാതൃഭാഷ, ലോകഭാഷകളിൽ മലയാളത്തിന്റെ സ്ഥാനം, നവോത്ഥാനവും കേരളം, മലയാളം എന്നീ സങ്കല്പങ്ങളുടെ വളർച്ചയും-മാതൃഭാഷയ്ക്കു വേണ്ടിയുള്ള ശ്രമങ്ങൾ-മക്തി തങ്ങൾ, ജോർജ്ജ് മാത്തൻ, എ.ആർ.രാജരാജ വർമ്മ. പഠനമാധ്യമം, ഐക്യകേരളം എന്ന സങ്കല്പം. ഐക്യ കേരള പ്രസ്ഥാനം.

വിശേഷ പഠനം:

ജോർജ്ജ് മാത്തൻ: 'ബാലാഭ്യസനത്തെക്കുറിച്ച് ഒരു പ്രസംഗം' ( മൂന്നാം ഖണ്ഡം മാത്രം)(1867) (ഡോ.സാമുവൽ ചന്ദനപ്പിള്ളി- റവ.ജോർജ് മാത്തൻ-കൃതികളും പഠനവും,പു.435-447)

ജോഹന്നസ് ഫ്രോൺ മേയർ- പ്രകൃതിശാസ്ത്രത്തിലെ സമർപ്പണലേഖനം (1883)-

(കാവുമ്പായി ബാലകൃഷ്ണൻ-മലയാള ശാസ്ത്രസാഹിത്യപ്രസ്ഥാനം-ഒരു പഠനം-അനുബന്ധം)

മക്തി തങ്ങൾ- 'തമിഴ രാജ്യം മുതൽ മലയാള രാജ്യനിവാസികളായ മുസ്ലിം ജനവും വിദ്യാഭ്യാസവും' (മക്തി തങ്ങളുടെ സമ്പൂർണ കൃതികൾ , കേരള ഇസ്ലാമിക് മിഷൻ,തിരൂർ 6, 1981)

എ.ആർ.രാജരാജ വർമ്മ- 'നാട്ടുഭാഷാവിദ്യാഭ്യാസം'(ഏ.ആർ. രാജരാജവർമ്മയുടെ തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ,രഞ്ജിമ പബ്ലിക്കേഷൻസ്, മാമ്മൂട്, 1987)

സഹോദരൻ അയ്യപ്പൻ- 'മലയാള ഭാഷയുടെ അഭിവൃദ്ധി മാർഗ്ഗം' (1934)

(സഹോദരൻ അയ്യപ്പൻ: ജീവിതവും കൃതികളും,എം.പി.ഷീജ എഡി.മൈത്രിബുക്ക്സ്,തിരുവനന്തപുരം,2010)

യൂനിറ്റ് 2: ഭാഷയുടെ മാനകീകരണവും ആധുനികീകരണവും

വാമൊഴിയിൽനിന്ന് വരമൊഴിയിലേക്ക്, മലയാള അക്കങ്ങൾ, സാഹിത്യചരിത്രങ്ങൾ, നിഘണ്ടുക്കളുടെ വരവ്, പ്രാദേശിക ഭാഷാഭേദങ്ങളെക്കുറിച്ചുള്ള തിരിച്ചറിവ്, ലക്സിക്കോഗ്രാഫി, അച്ചടി, പത്രം, പത്രഭാഷ, മാധ്യമഭാഷ. ഭാഷാ സാങ്കേതികത: മലയാളം ടൈപ്പ് റൈറ്റർ, ലിപിയുടെ പരിണാമം. ലിപി പരിഷ്കരണ കമ്മിറ്റികൾ.അച്ചടി: പുതിയ ലിപി, കമ്പ്യൂട്ടർ മലയാളം, മലയാളം സോഫ്റ്റ് വെയർ, അതിനുള്ള ശ്രമങ്ങൾ, സ്ഥാപനങ്ങൾ.

വിശേഷ പഠനം:

ഇ.വി. രാമകൃഷ്ണൻ- 'വർത്തമാന പത്രങ്ങളുടെയും അച്ചടി യന്ത്രങ്ങളുടെയും വ്യാപനത്തോടെ മലയാളിയുടെ സാഹിത്യസങ്കല്പനങ്ങളിലും ഭാഷാ വ്യവഹാരങ്ങളിലും സംഭവിച്ച മാറ്റങ്ങൾ'. (എം.എൻ. വിജയൻ എഡി. നമ്മുടെ സാഹിത്യം, നമ്മുടെ സമൂഹം, വാല്യം 2)

ടി.ബി. വേണുഗോപാല പണിക്കർ- 'മലയാള ലിപി പരിഷ്കരണം: ഭൂതവും ഭാവിയും' (ജനപഥം, നവം 2009)

സന്തോഷ് തോട്ടിങ്ങൽ- 'പ്രത്യയപ്രധാനവും പ്രത്യയയോജനവും മലയാള ഭാഷാ കമ്പ്യൂട്ടിംഗിന്റെ വെല്ലുവിളികൾ,' (ഡോ.കെ.എസ്. പ്രകാശ്, ഡോ.

എസ്.എ.ഷാനവാസ് ( സംശോ.) മലയാളഭാഷയും ആഗോളവത്കരണവും, പ്രകാശന വിഭാഗം, കേരള സർവകലാശാല , തിരുവനന്തപുരം, 2010)

നിഖിൽ നമ്പ്യാർ, വിമൽ ജോസഫ്- 'മലയാളം ഇൻസ്ക്രിപ്ഷൻ കീ ബോർഡ് എങ്ങിനെ ഉപയോഗിക്കാം?' (ജനപഥം നവം 2009)

എം.മുകുന്ദൻ- 'ഒരു സാക്ഷാൽ തിയ്യൻ മറ്റൊരു തിയ്യനോട് ഇംഗ്ലീഷ് പറയുമോ?' (മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2010 ജനു 24-30)

യൂനിറ്റ് 3: വിജ്ഞാനഭാഷ

വിജ്ഞനഭാഷയെന്ന നിലയിൽ പത്തൊമ്പതാം നൂറ്റാണ്ടുവരെയുള്ള മലയാളത്തിന്റെ വളർച്ച, വിജ്ഞാനഭാഷയുടെ വികാസം, വിജ്ഞാനകോശങ്ങൾ, മലയാള പദകോശത്തിന്റെ ആധുനികീകരണം. അർത്ഥ പരി ണാമം, വിവർത്തന ഗ്രന്ഥങ്ങൾ, ശാസ്ത്ര ഗ്രന്ഥങ്ങൾ, ഭൗതിക ശാസ്ത്രങ്ങൾ, സാമൂഹ്യ ശാസ്ത്രം. ഇന്ത്യൻ ഭാഷകളിൽ നിന്നുള്ള വിവർത്തനം. ഇംഗ്ലീഷ് ഭാഷയിൽ നിന്നുള്ള വിവർത്തനങ്ങൾ, മറ്റു ലോകഭാഷകളിൽ നിന്നുള്ള വിവർത്തനങ്ങൾ, സാങ്കേതിക പദങ്ങൾ, സാങ്കേതിക പദസൂചി. പാഠപുസ്തക കമ്മിറ്റി, മാതൃഭാഷാ വിദ്യാലയങ്ങൾ- ഉപരിവിദ്യാഭ്യാസവും മാതൃഭാഷയും, ക്ലാസിക്കൽ പദവി.

വിശേഷ പഠനം:

കെ.എം.ഗോവി- 'പുസ്തകം നൂറ്റാണ്ടുകളിലൂടെ, പരീക്ഷണങ്ങളും അനുഭവങ്ങളും' (എം.എൻ.വിജയൻ എഡി.-നമ്മുടെ സാഹിത്യം, നമ്മുടെ സമൂഹം, വാല്യം 3)

വി.കെ. ആദർശ്- 'വിക്കിപീഡിയയും മലയാളവും' ( ജനപഥം, 2009 നവം)

കെ.സേതുരാമൻ- 'ഉന്നതവിദ്യാഭ്യാസം' ( മലയാളത്തിന്റെ ഭാവി,കെട്ടുകഥകളുടെ അടിസ്ഥാനം എന്ന അധ്യായം, പു 104-123)

രവീന്ദ്രൻ- 'ചലച്ചിത്രസാമഗ്രിയായി മാറുന്ന ഭാഷ' ( മലയാളം, മാതൃഭൂമി, കോഴിക്കോട്)

പുതുശ്ശേരി രാമചന്ദ്രൻ- 'മലയാളത്തിന് ക്ലാസിക് പദവി'(പുതുശ്ശേരി രാമചന്ദ്രൻ-തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ,കേരളസാഹിത്യ അക്കാദമി, 2010)

യൂനിറ്റ് 4:

ഭരണഭാഷ- മലയാള ഭാഷയുടെ ഭരണപരവും രാഷ്ട്രീയവുമായ വികാസം

ഭരണഭാഷയും ജനാധിപത്യവൽക്കരണവും, ലോക മാതൃഭാഷാ ദിനം, ഇന്ത്യൻ ഭരണഘടനയിൽ ഭാഷകളുടെ സ്ഥാനം, മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നിവിടങ്ങളിലെ ഭരണമണ്ഡലത്തിൽ മലയാളഭാഷയ്ക്കുണ്ടായിരുന്ന സ്ഥാനം. ഭരണഭാഷയ്ക്കുള്ള കമ്മിഷൻ. കോമാട്ടിൽ അച്യുതമേനോൻ

കമ്മിഷൻ. ഔദ്യോഗികഭാഷാ പ്രഖ്യാപനം 1969. കോടതി ഭാഷ- നരേന്ദ്രൻ കമ്മിഷൻ-ഭരണഭാഷാ പ്രോത്സഹന നടപടികൾ- ജില്ലാ താലൂക്ക് തല ഔദ്യോഗിക ഭാഷാ സമിതികൾ, ഭാഷയ്ക്കു വേണ്ടിയുള്ള പ്രസ്ഥാനങ്ങൾ.

### വിശേഷ പഠനം:

ശൂരനാട്ടു കുഞ്ഞൻ പിള്ള: 'മലയാളം ഭരണഭാഷാപദവിയിലേക്ക്'( ഭരണഭാഷ,ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻ വകുപ്പ്, കേരള സർക്കാർ)

ജസ്റ്റിസ് നരേന്ദ്രൻ -1. ഭമലയാളം കോടതികളിൽ' ( ഭരണഭാഷ) -2. നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട് -സംഗ്രഹം (ഔദ്യോഗികഭാഷാ സംബന്ധമായി കേരള സർക്കാർ പുറപ്പെടുവിച്ച പ്രധാന ഉത്തരവുകളും സർക്കുലറുകളും, അനുബന്ധം 1, കേരളസർക്കാർ, 2002,)

പി.ഗോവിന്ദപിള്ള- 'ഭാഷയുടെ രാഷ്ട്രീയം' (? )

ടി.ടി.ശ്രീകുമാർ- 'ഭാഷാപ്രതിസന്ധിയുടെ സാമൂഹ്യപശ്ചാത്തലം' (വിജ്ഞാന കൈരളി, 1990 ജൂലൈ)

ജോർജ് ഇരുമ്പയം- 'മലയാള സംരക്ഷണം, എന്തിന്? എങ്ങിനെ?' (മലയാളവും മലയാളിയും. കറന്റ് ബുക്സ്,തൃശ്ശൂർ, 1992)

### അനുബന്ധം 2

മലയാളഭാഷയുടെ ആധുനികീകരണം എന്ന കോഴ്സിനെ മുൻനിർത്തി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല, തിരൂർ പ്രാദേശികകേന്ദ്രം മലയാളവിഭാഗത്തിൽ ചെയ്ത എം.എ. ലഘുപ്രബന്ധങ്ങൾ

1. മുസ്ലിംമതവിദ്യാഭ്യാസവും മാതൃഭാഷാപഠനവും-ജന്നത്തുന്നിസ ടി പി എൻ 2013
2. മലപ്പുറം ജില്ലയിലെ ഭരണകേന്ദ്രങ്ങളിലെ മലയാളഭാഷയുടെ പുരോഗതി - ശരണ്യ എൻ. 2014
3. ശാസ്ത്രമാസികകളിലെ ഭാഷ-ശാസ്ത്രകേരളത്തെ മുൻനിർത്തി ഒരു പഠനം-ശ്രീലക്ഷ്മി സി. 2015
4. വിദ്യാർത്ഥികളിലെ വായന- വിദ്യാലയഗ്രന്ഥശാലകളെ കേന്ദ്രീകരിച്ചുള്ള പഠനം-അനഘ 2016
5. ഭാഷാവിവേചനം ഹയർസെക്കന്ററി സ്കൂളുകളിലെ പഠനമാധ്യമത്തെ മുൻനിർത്തിയുള്ള പഠനം-ശ്രുതി പി. 2016
6. സൈബർ മലയാളം - സിനാജ് ടി.സി. 2016
7. ആധുനിക വിവരസാങ്കേതികവിദ്യയും ഭാഷാനയവും-കേരള

സർക്കാറിന്റെ ഭാഷാസമീപനത്തെ മുൻനിർത്തിയുള്ള പഠനം -ഷിഗിന കെ. 2017

8. മാതൃഭാഷയും ആയുർവേദപഠനവും -ആര്യ എ.പി. 2017
9. പൊതുവിദ്യാലയങ്ങളിലെ ഇംഗ്ലീഷ് മാധ്യമവൽക്കരണം-നിമ്മി സി. എ. 2017
10. കേരളത്തിലെ സാങ്കേതിക വിദ്യാഭ്യാസവും മാതൃഭാഷാപഠനമാധ്യമവും -പുഷ്പജൻ കെ.കെ. 2017
11. പത്താംതരത്തിലെ ഊർജ്ജതന്ത്രപഠനവും മലയാളഭാഷയും-പ്രശ്നങ്ങളും സാധ്യതകളും മുൻനിർത്തിയുള്ള പഠനം-മീനാകുമാരി 2017
12. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - മനു കെ.വി. 2018
13. ശബ്ദതാരാവലിയിലെ പ്രകൃതിശാസ്ത്രപദങ്ങൾ-ഗംഗ 2018
14. ശിശുവിദ്യാഭ്യാസവും മാതൃഭാഷയും -ജിത്തു കെ. 2018
15. പാലക്കാട്ടെ തമിഴ്ഭാഷാന്യൂനപക്ഷങ്ങൾ-സിന്ധു കെ.വി. 2018
16. മലയാളത്തിലെ സാങ്കേതിക വൈജ്ഞാനിക ഗ്രന്ഥങ്ങൾ-അഞ്ജുഷ എൻ. 2019
17. മലയാളത്തിലെ ഓൺലൈൻ പത്രങ്ങൾ-മീനു പി. 2019
18. ഭരണഭാഷ പ്രാദേശിക തലത്തിൽ-അക്ഷയകേന്ദ്രം, കുടുംബശ്രീ എന്നിവയെ മുൻനിർത്തിയുള്ള പഠനം-നസീഫ വി. 2019
19. മലയാളഭാഷയുടെ ഉപയോഗം മൊബൈൽ ഫോണിൽ- മുഹസിന ഇബ്ബു റഹ്മാൻ 2019
20. സോവിയറ്റ് പ്രസിദ്ധീകരണങ്ങൾ-വിജ്ഞാനവിനിമയവും കേരളീയ വായനാമണ്ഡലവും-ചിത്ര പി.പി. 2019
21. ഭരണഭാഷ-പാലക്കാട് ജില്ലയെ മുൻനിർത്തിയുള്ള പഠനം-ദൃശ്യ എസ്. 2019
22. ശാസ്ത്രസാഹിത്യം മലയാളത്തിൽ- ഉജ്ജ്വല കെ. 2019
23. മലയാള സിനിമയിലെ ഇംഗ്ലീഷ് പ്രയോഗങ്ങൾ-ഒരു സാംസ്കാരിക വിശകലനം-ഗ്രീഷ്മ ജി. 2020
24. മലയാളത്തിലെ ഭൗതികശാസ്ത്ര സാങ്കേതികപദങ്ങൾ-വിജ്ഞാനശബ്ദാവലി, ത്രിഭാഷാപദകോശം, പാഠപുസ്തകം എന്നിവയെ മുൻനിർത്തിയുള്ള പഠനം-മിഥുൻ ഗോപി സി. 2020
25. മലയാളം ആപ്ലിക്കേഷനുകൾ-പ്രയോഗവും സാധ്യതകളും-ഫർഷ. സി.എ. 2020

## ഗ്രന്ഥസൂചി

1. ഗുഗി വാ തിങ്ഓംഗോ മനസ്സിന്റെ അപകോളനീകരണം, ഗ്രാംഷി ബുക്സ്, കൊല്ലം-1.
2. പവിത്രൻ പി. 2014 മാതൃഭാഷയ്ക്കു വേണ്ടിയുള്ള സമരം, മലയാള ഐക്യവേദി, ചെറുതുരുത്തി.
3. ബിപൻ ചന്ദ്ര 2007 ആധുനിക ഇന്ത്യ വിവ.സെന്റ കുര്യൻ ജോർജ്, ഡി.സി ബുക്സ്, കോട്ടയം.
4. മക്തി തങ്ങൾ 2006 മക്തി തങ്ങളുടെ സമ്പൂർണകൃതികൾ, വചനം ബുക്സ്, കോഴിക്കോട്.
5. രാജരാജവർമ്മ എ.ആർ. 1987 ഏ.ആർ.രാജരാജവർമ്മയുടെ തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, രഞ്ജിമ പബ്ലിക്കേഷൻസ്, മമ്മൂട്.
6. ഷീജ എം.പി. 2010 സഹോദരൻ അയ്യപ്പൻ-ജീവിതവും കൃതികളും ,മൈത്രി ബുക്സ്, തിരുവനന്തപുരം.
7. സജിത കെ.ആർ. 2009 നവോത്ഥാനത്തിന്റെ മലയാളം, പ്രോഗ്രസ് ബുക്സ്, കോഴിക്കോട് -4.
8. സാമുവൽ ചന്ദനപ്പള്ളി 1992 റവ.ജോർജ്ജ് മാത്തന്റെ കൃതികളും പഠനവും , ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ചന്ദനപ്പള്ളി.
9. സേതുരാമൻ കെ. 2011 മലയാളത്തിന്റെ ഭാവി, മാതൃഭൂമി ബുക്സ്, കോഴിക്കോട്
10. Antia, Bassey Edem 2000 Terminology and Lanauge Planning, John Benjamins Publishing Company, Amsterdam/Philadelphia.
11. Arnetha Ball etal ( eds.) 2002 Black Linguistics: Language, Society and Politics in Africa and the Americas, Routledge, London.
12. Calvet, Louis Jean 1987 Language Wars and Linguistic Politics, Tr. Michel Petheram,Oxford University Press.
13. Combs, Mary Carol & Susan Penfield 2012 `Language Activism and Language Policy', in The Cambridge Handbook of Language Policy, Ed. Bernard Spolsky,Cambridge University Press.
14. Cooper. Robert L 1989 Language Planning and Social Change, CUP
15. Davies Wilfred V & Evelyn Ziegler Lanauge Planning and Micro-Linguistics-Introduction
16. Deumert, Ana etc 2020 Colonial and Decolonial Linguistics-Knowledges and Epistemes, OUP.
17. Fisherman, Joshua A 2006 Do Not Leave your Language Alone-The Hidden Agendas Within Corpus Planning in Language Policy,Lawrence Elbaum Associates, Publishers. London.

18. Haugen, Einar Language Conflict and Language Planning: The Case of Modern Norwegian, Harvard University Press, 2013
19. Jernudd, Bjorn & Jill Nekvapil 2012 `Histoy of the Field : a sketch' in The Cambridge Handbook of Language Policy, Ed. Bernard Spolsky,Cambridge University Press.
20. Kennedy Chris 'Language Planning', Language Teaching ,Vol. 15 No.4, 1982 Oct.
21. Kloss, Heinz 1969 Research Problems in Bilingualism,Qubec: International Research Center on Bilingualism .
22. Lindsay Milligan- A Systems Model of Language Planning, CamLing 2007
23. Leglise, Isabelle& Bettina Migge 2007 `Langugage and Colonialism-Applied Linguistics in the Context of Creale Communities', https://halshs.archives-ouvertes.fr/halshs- 00292388
24. Mukherjee , Meenakshi 2000 Interrogating Postcolonialism-Theory, Text and Context, Indian Institute of Advance Study, Shimla.
25. Nekvapil. Jiri 2011 ` The Histoy and Theory of Language Planning'in Handbook of Research in Second Language Teaching and Learning Vol2, Eli Hinkel (Ed. ) Routledge, New York.
26. Phillipson, Robert 1992 Linguistic Imperialism, OUP
27. Rubin, Joan & Bjorn H Jernudd- 1971 Can Language be Planned? Sociolinguistic Theory for Developing Nations, University of Hawaii Press.
28. Spolsky, Bernard 2009 Language Policy, OUP.
29. Skutnabb-Kangas, Tove 2008 `Language Planning and Language Rights', in Handbook of Applied Linguistics Vol 9, Linguistic Diversity and Language Change, Marlis Hellinger & Anne Powels, Mouton Gruyter.
30. Srivastava, Sanjay 1998 Constructing Post-Colonial India: National Character and the Doon School, Routledge, London &N.Y

*athulpavithran@rediffmail.com*